
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2015 ജൂലൈ
വില ₹15



**അമ്മമ്മ**
**എം മുകുന്ദൻ**

**മയ്യഴിയുടെ സ്വാതന്ത്ര്യസമര കഥ**
**വരുൺ രമേഷ്**

# കല്ലിൽനിന്നും കടലാസിലേക്ക്

**എഴുത്തിന്റെ ചരിത്രംകുട്ടികൾക്കായി...**

**രചന ബീനാജോർജ്**

● **വില 50രൂപ**





**വായനാപ്രേമികൾക്കായി**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുസമ്മാനം.**

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ജൂലൈ 2015
വില ₹15
വാർഷികവരിസംഖ്യ ₹160


ഉള്ളടക്കം



## 1947 ആഗസ്റ്റ് 15നു ശേഷമുള്ള ഒരു സ്വാതന്ത്ര്യസമര കഥ

**വരുൺ രമേഷ്** 12

കേരളത്തിനുള്ളിൽ കേരളത്തിന്റേ തല്ലാത്ത ഒരു പ്രദേശം. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചപ്പോഴും സ്വതന്ത്ര മാവാതിരുന്ന ഒരു പ്രദേശം. - മയ്യഴി എന്ന മാഹിയുടെയും സ്വാതന്ത്ര്യ സമരത്തിനു നേതൃത്വം നൽകിയ മയ്യഴിഗാന്ധിയുടെയും കഥ

## അമ്മമ്മ

8

**എം മുകുന്ദൻ**

നാട്ടിൽ നടക്കുന്ന വലിയ പരിവർത്തനങ്ങളെക്കുറിച്ച് കൃപാകരനെ പഠിപ്പിച്ച അമ്മമ്മയുടെ കഥ





## റ

18

**ഡോ. പി കെ രാജശേഖരൻ**

കുട്ടികൾ അക്ഷരം പഠിച്ചു തുടങ്ങുന്നതു വരയ്ക്കാൻ ഏറ്റവും ലളിതമായ റ എന്ന അക്ഷരത്തിൽനിന്നാണ്. 'റ' വളർന്ന് 'അ' യും 'ഇ' യും 'ഋ' വും ഒക്കെയാകും...


**സ്നേഹപൂർവ്വം**....................4
കെ സി ജോസഫ്

**മുൻമൊഴി** ........................5
സുഗതകുമാരി

**അമ്മമൊഴി**.........................7
അമ്പലപ്പുഴ ഗോപകുമാർ

**സ്കൂൾ ഡെയ്സ്**.................17
രാജീവ് എൻ ടി

**സകലകല**............................20
എം കൃഷ്ണദാസ്

**കുഴൽത്തപാലിന്റെ കഥ**........22
സുജിത്ത് കുമാർ

**ഏതു തട്ടാൻ?**.......................24
തേവന്നൂർ മണിരാജ്

**അക്ഷരചിത്രം** .....................25
ഭരണിക്കാവ് കൃഷ്ണൻ

**കവിതാപരിചയം**..................26
വിഷ്ണുനാരായണൻ നമ്പൂതിരി

**തവളപ്പാട്ടു കേൾക്കാം**...........28
മനോജ് പി

**വലിയ കുട്ട്യോളും ചെറിയ കുട്ട്യോളും**..........................33
അഖിൽ എം എസ്

**അരിസ്റ്റോട്ടിൽ മണ്ടനോ മിടുക്കനോ?**..........................34
എസ് ശിവദാസ്

**ജാതകകഥ**..........................36
വെങ്കി

**ഇബിലീസ്**..........................39
രാജൻ കോട്ടപ്പുറം

**ആരോഗ്യം**...........................40
ഡോ. ബി പത്മകുമാർ

**മഹാഭാരതം**.........................42
സുഗതകുമാരി

**സിനിമാപരിചയം**.................44
വിനു എ



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**ഡോ. നെടുമുടി ഹരികുമാർ**

പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേ ഔട്ട്
**വിഷ്ണു പി എസ്**

കവർ
**മിഥുൻ എസ് നായർ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

# സ്നേഹപൂർവ്വം



പ്രിയപ്പെട്ട കുട്ടികളേ,

'നല്ലൊരിടമാക്കി നമുക്കീ ലോകം മാറ്റിപ്പണിയാനാകും. ആ മാറ്റം കുടിയിരിക്കുന്നത് നിങ്ങളുടെ കൈകളിലാണ്..'

വർണ്ണവിവേചനത്തിനെതിരെ പോരാടി ലോകചരിത്രത്തിൽ ഇടംപിടിച്ച നെൽസൺ മണ്ടേലയുടെ വാക്കുകളാണിത്. ദക്ഷിണാഫ്രിക്കയിൽ നിലനിന്നിരുന്ന വർണ്ണവിവേചനത്തിനെതിരെ ദശാബ്ദങ്ങളോളം പോരാടിയ നെൽസൺ മണ്ടേല ജനിച്ചത് 1918 ജൂലൈ 18നാണ്. അദ്ദേഹത്തെക്കുറിച്ചും മറ്റു ലോകനേതാക്കളെക്കുറിച്ചും പുസ്തകങ്ങൾ വായിച്ചും ഇന്റർനെറ്റിൽ തിരഞ്ഞുമെല്ലാം കൂടുതലറിയാൻ നിങ്ങൾ ശ്രമിക്കണം.

സ്വാതന്ത്ര്യം, നീതി, ജനാധിപത്യം എന്നീ ആശയങ്ങളിലൂന്നി ജൂലൈ 18 'നെൽസൺ മണ്ടേല അന്താരാഷ്ട്രദിന'മായി യു എൻ ആചരിക്കുന്നു. നിങ്ങളുടെ 67മിനിറ്റ് മറ്റുള്ളവരെ സഹായിക്കാനായി മാറ്റിവയ്ക്കാമോ എന്നാണ് ഈ ദിനം നമ്മോടു ചോദിക്കുന്നത്. മണ്ടേലയുടെ പൊതുജീവിതത്തിലെ ഓരോ വർഷത്തിനും പകരം ഒരു മിനിറ്റു മാത്രമേ യു എൻ നമ്മോട് ആവശ്യപ്പെടുന്നുള്ളൂ.

നാം വിചാരിച്ചാൽ തീർച്ചയായും ഈ ലോകത്തെ കൂടുതൽ മികച്ച ഇടമാക്കി മാറ്റാനാകും. പ്രത്യേകിച്ചും നിങ്ങൾ കുട്ടികൾക്ക് മുതിർന്നവരെക്കാൾ മികച്ചതായി ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടാനാകും. നിങ്ങളുടെ സ്കൂളുകളിൽനിന്നു തന്നെ നമുക്കതിനു തുടക്കം കുറിക്കാം. നിറം, ജാതി, മതം തുടങ്ങിയവയുടെ പേരിൽ ആരെയും മാറ്റിനിർത്താതിരിക്കാം. അവശതയനുഭവിക്കുന്നവരെ സഹായിക്കാം. സാമ്പത്തിക ബുദ്ധിമുട്ടുകളുള്ള നിങ്ങളുടെ ചങ്ങാതിമാർക്ക് പുസ്തകമോ ബാഗോ ഒക്കെ നൽകി സഹായിക്കാം. എന്തിനേറെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പഠിക്കാൻ സഹായിക്കുന്നതുപോലും ഒരു പൊതുപ്രവർത്തനമാണ്. പരസ്പരം സഹായിച്ചും ചങ്ങാതിമാരായും നമുക്ക് ജൂലൈ 18 മാത്രമല്ല, ഓരോ ദിനവും മണ്ടേലദിനമാക്കി മാറ്റാം.

സ്നേഹപൂർവ്വം



**കെ സി ജോസഫ്**
(സാംസ്കാരികവകുപ്പു മന്ത്രി)

കഴിഞ്ഞ ലക്കത്തിൽ ഞാൻ വായുവിനെപ്പറ്റിയെഴുതി. ഇത്തവണ വെള്ളമാകട്ടെ. നമുക്കു പ്രാണവായുവും കുടിവെള്ളവും ഭക്ഷണവുമില്ലെങ്കിൽ ജീവിക്കാനാവില്ല. മനുഷ്യനു മാത്രമല്ല ജീവജാലങ്ങൾക്കെല്ലാം ഇവ മൂന്നും അവശ്യമത്രേ. വായുവിനെ നാം ദുഷിപ്പിച്ചുകൊണ്ടിരിക്കുന്നു. വെള്ളത്തിനെയോ?

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, അനുഗൃഹീതമായ നാടാണ് നമ്മുടേത്. ഈ ജലസമൃദ്ധി തൊട്ടയൽനാടുകളിൽ ഇല്ല. കാരണം, അതാ പെരുംകോട്ട പോലെ ഉയർന്നു വിടർന്നു നിൽക്കുന്ന നമ്മുടെ സഹ്യപർവതനിരകൾ തന്നെയാണ്. തെക്കൻകടലുകളിൽ നിന്നു കാറ്റുകൊണ്ടുവരുന്ന മേഘങ്ങൾ അകലങ്ങളിലേക്ക് അന്തരീക്ഷത്തിലൂടെ അങ്ങനെ നീന്തിനീങ്ങിപ്പോകുമ്പോൾ പെട്ടെന്നതാ വഴിതടഞ്ഞ് കൈകൾ പരത്തിയുയർത്തി നിൽക്കുന്ന പശ്ചിമഘട്ടവനനിരകൾ! അവ മേഘങ്ങളെ തണുപ്പിക്കുന്നു, താഴോട്ട് ആകർഷിക്കുന്നു. മാറോടണയ്ക്കുന്നു. കനത്തു കറുത്ത് അവ പെയ്തുതുടങ്ങുന്നു. പെയ്യുന്ന മഴയെ ഏറ്റുവാങ്ങുന്ന മഹാവനങ്ങൾ ആ വെള്ളത്തെ അടിവെള്ളമാക്കി മാറ്റുന്നു, ഉറവകളാക്കി മാറ്റുന്നു, താഴേക്കൊഴുകുന്നു. ആ ഉറവകൾ ചേർന്ന് പുഴകളാകുന്നു. താഴ്വാരങ്ങളിലെത്തി ഇതുപോലുള്ള മറ്റു പുഴകളോടു ചേർന്ന് വൻനദികളായി മാറുന്നു. തീരങ്ങളെയെല്ലാം നനച്ചു കുളിർപ്പിച്ച് പച്ചപ്പണിയിച്ച് ആ നദികൾ പടിഞ്ഞാറൻ കടലിനെ ലക്ഷ്യമാക്കി ഒഴുകിത്തുടങ്ങുന്നു. നമ്മുടെയീ കൊച്ചുനാട് പടിഞ്ഞാറോട്ട് ഇത്തിരി ചരിഞ്ഞാണല്ലോ കിടപ്പ്. നദികളൊഴുകുന്നിടത്തെല്ലാം സസ്യങ്ങളും വൃക്ഷങ്ങളും തഴച്ചു വളരുന്നു. കരയിലെ വളക്കൂറുള്ള മണ്ണിൽ കർഷകർ ആഹ്ലാദത്തോടെ കൃഷിയിറക്കുന്നു. സഹ്യപർവതനിരകളിലെ കനത്ത ഇലച്ചാർത്തുകളും ജീവാവശിഷ്ടങ്ങളും മറ്റുമാണ് ആ വളക്കൂറിന്റെ ഉറവിടമെന്നും നാം ഓർമിക്കണം.

44 നദികളുണ്ട് നമുക്ക് - കുടിക്കാനും കുളിക്കാനും നനയ്ക്കാനും വിളവിറക്കാനും എല്ലാറ്റിനും വേണ്ടത്ര വെള്ളം! രണ്ടുമികച്ച മഴക്കാലങ്ങൾ,



തുലാവർഷവും കാലവർഷവും! ഇവയെല്ലാം ചേർന്നു നാടൊട്ടുക്കു കുളങ്ങളും തോടുകളും കിണറുകളും ചിറകളും ഊറ്റുകളും തണ്ണീർത്തടങ്ങളുമെല്ലാം ചേർന്ന സാക്ഷാൽ ശ്രീ വിളങ്ങുന്ന ഭൂമി!

ഈ നദികളിൽ നിന്നു നാം പണ്ട് ഇഷ്ടംപോലെ വെള്ളം കുടിക്കുമായിരുന്നു. കുളിക്കുകയും നീന്തിക്കളിക്കുകയും ചെയ്യുമായിരുന്നു. ഈ നദികളിൽ നിന്നു വെള്ളം ശേഖരിച്ചാണ് പമ്പ് ഹൗസുകൾ പ്രവർത്തിപ്പിച്ച് വലിയ ടാങ്കുകളിലെത്തിച്ചു ശുദ്ധീകരിച്ച് കുഴലുകളിലൂടെ നമുക്കു വീടുകളിൽ എത്തിച്ചുതരുന്നത്.


ഇപ്പോൾ നദിയിലെ വെള്ളം കുടിക്കാൻ പാടില്ല. കിണറുവെള്ളം കുടിക്കാൻ പാടില്ല. പൈപ്പിലെ വെള്ളവും കുടിച്ചുകൂടാ! 'തിളപ്പിച്ചതിനുശേഷം മാത്രം ഉപയോഗിക്കൂ' എന്നു വിദഗ്ധർ പറയുന്നു. എല്ലാം മലിനമായിക്കഴിഞ്ഞു. അപ്പോൾ ഒരു യാത്രയ്ക്കിടയിലോ? അതിനെന്താ വൈഷമ്യം? എല്ലാ കടകളിലും കിട്ടും പ്ലാസ്റ്റിക് കുപ്പികളിൽ കുപ്പിവെള്ളം. 20 രൂപ കൊടുത്താലെന്ത്?

നദിയെല്ലാം ക്ഷയിച്ചു. മണൽ വാരി വാരി ചെളികെട്ടി. നമ്മുടെ മുഴുവൻ മാലിന്യങ്ങളും നാം അവയിലേക്കെറിഞ്ഞു. ഓടകളും അഴുക്കുചാലുകളും ആശുപത്രി വിസർജ്യങ്ങളും കശാപ്പുശാലകളിലെ അവശിഷ്ടങ്ങളും ഫാക്ടറികൾ പുറന്തള്ളുന്ന രാസമാലിന്യങ്ങളുമെല്ലാം വഹിക്കേണ്ട ഓടകളായി മാറി. നമ്മുടെ പവിത്ര നദികൾ! മണ്ണു മലിനമായതിനാൽ മിക്കവാറും കിണറുകളും മലിനമായിക്കഴിഞ്ഞു. കുളങ്ങളും തണ്ണീർത്തടങ്ങളും മിക്കതും തൂർത്തു കെട്ടിടം ഉറപ്പിച്ചു. മണ്ണിലെല്ലാം കോൺക്രീറ്റിട്ടു മിനുക്കിയതിനാൽ, വയലെല്ലാം തൂർത്തതിനാൽ, മഴവെള്ളം മണ്ണിനടിലേക്കു വാർന്നിറങ്ങാതായതിനാൽ അടിവെള്ളത്തിന്റെ (Ground water) തോത് അപകടകരമായി കുറഞ്ഞിരിക്കണം എന്നു ശാസ്ത്രജ്ഞന്മാർ.

ഇത് നമ്മുടെ മാത്രം പ്രശ്നമല്ല. ഭൂമിയുടെ മുഴുവൻ പ്രശ്നമാണ്. ഇതു പരിഹരിക്കാൻ മാർഗമെന്ത് എന്നു നിങ്ങൾ തന്നെ ആലോചിച്ചു നോക്കുവിൻ.

സ്നേഹത്തോടെ,


**സുഗതകുമാരി**





# അമ്മമൊഴി

അമ്പലപ്പുഴ ഗോപകുമാർ



വര: ബാബുരാജൻ

മുത്തേ നിനക്കമ്മേനൽകട്ടെ നല്ലൊരു
മുത്തം നീയെൻമണിക്കുട്ടനല്ലേ?
നിൻകവിൾപ്പൂവിലെത്തേൻനുകർന്നീടുവാൻ
അമ്മയ്ക്കുകൈവന്നഭാഗ്യജന്മം
മക്കൾക്കുവേണ്ടി സമർപ്പിച്ചുനിൽക്കുമ്പോൾ
ദിക്കുകളൊക്കെപ്രകാശപൂർണ്ണം!

അർക്കചന്ദ്രഗ്രഹതാരങ്ങൾവന്നുദി
ച്ചസ്തമിച്ചീടുന്ന നമ്മൾക്കുള്ളിൽ
നിത്യനിരാമയസത്യസ്വരൂപന്റെ
മുഗ്ദ്ധസ്മിതത്തിലലിഞ്ഞുണരാൻ.
നമ്മിൽനിന്നന്യമല്ലൊന്നും നാമന്യോന്യം
നന്മതൻ നെയ്ത്തിരിനാളമായി
കർമ്മചൈതന്യം പകർന്നുപരാർത്ഥമായ്
കന്മഷം തീണ്ടാതെ ശുദ്ധമായി
ഓരോനിമിഷവും പിന്നിട്ടുജീവിതം
ലോകോപകരാത്തിനാക്കിടുമ്പോൾ
എന്തെല്ലാം ദുഃഖങ്ങളുണ്ടെങ്കിലും നമ്മൾ-
ക്കെല്ലാം സുഖപ്രദമാകുംപോലെ...
എങ്ങുമിരുൾപടർപ്പാണെങ്കിലും നമു-
ക്കല്ലുംപകലുമിങ്ങൊന്നുപോലെ.

# അമ്മമ്മ

**എം മുകുന്ദൻ**

ഇന്ന് അമ്മമ്മ ഞങ്ങളുടെ പുത്തൻവീടു കാണുവാൻ  വരുന്നു. പട്ടണത്തിന്റെ പടിഞ്ഞാറുഭാഗത്താണ് ഞങ്ങളുടെ വീട്. ചോര നീരാക്കി അദ്ധ്വാനിച്ചുണ്ടാക്കിയ പണംകൊണ്ടാണ് ഞാൻ ഈ ഇരുപതുസെന്റ് ഭൂമി വാങ്ങിയത്. അതിൽ നിങ്ങൾ ഇപ്പോൾ കാണുന്ന ഈ വീടു പണിയുവാൻ വേണ്ടി വീണ്ടും എനിക്കു ചോര നീരാക്കേണ്ടിവന്നു.

ഇരിപ്പുമുറിയും തീൻമുറിയും താഴത്തെ നിലയിലാണ്. മുകളിൽ രണ്ടു കിടപ്പുമുറികളുണ്ട്. പിന്നെ പ്രഭാതത്തിൽ സൂര്യോദയം കാണുവാനും സന്ധ്യയ്ക്ക് സൂര്യാസ്തമയം കാണുവാനും ഒരു സിറ്റൗട്ടും. അവിടെയിരുന്നാൽ കിഴക്കും പടിഞ്ഞാറും കാണാം.

കുളിരും മഞ്ഞും വീഴുന്ന പ്രഭാതങ്ങളിൽ ഞാൻ എന്റെ കാശ്മീർഷാൾ പുതച്ചുകൊണ്ട് അവിടെയിരുന്ന് സൂര്യോദയം ദർശിക്കും. അന്നേരം അപ്പുറം കിടപ്പുമുറികളിൽ എന്റെ ഭാര്യയും രണ്ടു മക്കളും പുലർകാലസ്വപ്നങ്ങൾ കണ്ടുമയങ്ങുകയായിരിക്കും. ഞാൻ ഏറ്റവും കൂടുതൽ ആനന്ദിക്കുന്ന ഒരു മുഹൂർത്തമാണ് അത്.

'അമ്മമ്മയ്ക്ക് എന്റെ വീടു കാണണ്ടേ? എന്നാണു ഞാൻ കാറുമായി വരേണ്ടത്?'

കഴിഞ്ഞതവണ തറവാട്ടിൽ ചെന്നപ്പോൾ പട്ടണത്തിലേക്കു വരുവാൻ ഞാൻ അമ്മമ്മയെ നിർബന്ധിച്ചു.

അമ്മമ്മ ചെല്ലം മുന്നിൽവച്ചു മുറുക്കുവാനുള്ള വട്ടംകൂട്ടുകയായിരുന്നു.

'യാത്രയ്ക്കൊന്നും വയ്യ കൃപാകരാ. വീടിന്റെ ഒരു ഫോട്ടോ പിടിച്ച് കൊണ്ടത്തന്നാല് മതി.'

'ഫോട്ടോ കണ്ടാൽ പോരാ. അമ്മമ്മ വന്ന് വീടുതന്നെ കാണണം'

ഈ വീട്ടീന്ന് പൊറത്തിറങ്ങീട്ട് കാലം കൊറേയായി. ഒന്നിനും വയ്യാ. വയസ്സ് എമ്പതു കഴിഞ്ഞു. ഇനി എന്തു കാണാനാ? കാണാനുള്ളതെല്ലാം ഇനി അങ്ങു ചെന്നിട്ട്.'

അമ്മമ്മ ആകാശത്തേക്കു കണ്ണയച്ചു.


'അമ്മമ്മ ഒട്ടും ബുദ്ധിമുട്ടേണ്ടി വരില്ല. കാറുകൊണ്ടു വന്ന് പടിക്കൽ നിർത്താം. അമ്മമ്മ അതില് കയറി ഇരുന്നാല് മതി. വീടുകണ്ട് തിരികെ പടിക്കൽ കൊണ്ടു വന്ന് കാറ് നിർത്താം പോരേ?'

അവസാനം അമ്മമ്മ സമ്മതം മൂളി.

അവർ വെറ്റിലയുടെ ഞരമ്പുകൾ നുള്ളിക്കളയുകയും അടയ്ക്ക ചുരണ്ടുകയും ചെയ്തു.

'മോനേ, ആ മിനി ഉരലിങ്ങെടുത്താട്ടെ.'

അവർ കോലായിലെ അരമതിലിന്മേൽ വച്ചിരുന്ന അവരുടെ കൊച്ച് ഉരൽ ചൂണ്ടിക്കാണിച്ചു. ഞാൻ അതെടുത്ത് അവരുടെ മുമ്പിൽ വച്ചുകൊടുത്തു. അവർ അടയ്ക്കയും വെറ്റിലയും അതിലിട്ടു ചതച്ചു.



വര: ബാബുരാജ്

അമ്മമ്മയ്ക്കു പല്ലില്ല.

'അമ്മമ്മ എവിടുന്നാ ഈ ഇംഗ്ലീഷ് വാക്കെല്ലാം പഠിച്ചത്.'

'കൃപാകരാ, നിന്നെപ്പോലെ ഞാൻ ബോംബെയും കൽക്കത്തയും ഒന്നും കണ്ടിട്ടില്ല. എന്നാലും ഈ അമ്മമ്മയ്ക്ക് കുറേശെ ഇംഗ്ലീഷെല്ലാം അറ്യാം.'

ഇടിച്ച വെറ്റിലടയ്ക്ക വായിലിട്ട് അവർ എന്നെ നോക്കി ചിരിച്ചു.

ഊണു കഴിഞ്ഞശേഷം ഞാൻ ഇറങ്ങാൻ പുറപ്പെട്ടു. അമ്മമ്മ തടുത്തു.

'ഇന്നിവിടെ പാർത്തിട്ട് രാവിലെ പോയാല് മതി. എത്രകാലം കൂടീട്ടാ ഇന്ന് നിയ്യ് ഈ വഴി വന്നത്?'

'ഇനിയൊരിക്കലാകാം. വീടിന്റെ പണി കഴിഞ്ഞില്ലേ? വാസന്തിയെയും കുട്ടികളെയും കൂട്ടി ഒരു ദിവസം ഞാൻ ഇവിടെ താമസിക്കാൻ വരുന്നുണ്ട്.'

അമ്മമ്മ പറഞ്ഞതു വാസ്തവമാണ്. നഗരത്തിൽ നിന്നു പെൻഷനായി വന്ന ശേഷം വീടുപണിയുടെ തിരക്കിലായിരുന്നു. ഇപ്പോഴേ ഒന്നു നേരേ ശ്വാസം വിടാൻ കഴിഞ്ഞുള്ളൂ.

ഇറങ്ങുമ്പോൾ, ഞാൻ ഒന്നുകൂടി ഓർമ്മിപ്പിച്ചു:

'വരുന്ന ഞായറാഴ്ച കാലത്ത് ഞാൻ വണ്ടിയുമായി എത്തും. അമ്മമ്മ ഒരുങ്ങി ഇരുന്നോളണം.'

അമ്മമ്മയ്ക്ക് ഒരു റെഡ് കാർപ്പറ്റ് സ്വീകരണം നല്കുവാൻ ഞങ്ങൾ തീരുമാനിച്ചു. എന്റെ ഭൂതകാലത്തിന്റെ ഒരു തെളിഞ്ഞ ഓർമ്മയാണ് അവർ. ബാല്യകാലം, നാടുവിടുന്നതുവരെയുള്ള തറവാട്ടിലെ ജീവിതം... അതിന്റെയെല്ലാം കണ്ണികളാണ് അവർ.

അവർ മടിയിലിരുത്തി പറഞ്ഞു തന്നിട്ടുള്ള എണ്ണമറ്റ കഥകളാണ് എന്റെ എളിയ ലോകവിജ്ഞാനത്തിന്റെ ഉറവിടം. അമ്മമ്മ എന്റെ വീടുകാണുവാൻ വരുന്ന ഈ അവസരത്തിൽ ഞാൻ അതെല്ലാം ഓർത്തുപോകുന്നു.

നേരത്തേ നിശ്ചയിച്ചതുപോലെ ഞായറാഴ്ച കാലത്ത് ഞാൻ എന്റെ സ്നേഹിതൻ വാസുദേവന്റെ വണ്ടിയുമെടുത്ത് തറവാട്ടിലേക്കു പുറപ്പെട്ടു. പട്ടണത്തിൽനിന്നു പന്ത്രണ്ടു നാഴിക കിഴക്കാണ് ഞങ്ങളുടെ നാട്ടിൻപുറം. അടുത്ത കാലത്തായി അവിടെ വലിയ പരിവർത്തനങ്ങൾ വന്നതായി കാണാം. ഏതു വണ്ടിക്കും കൂടെയുണ്ടാകും.

അമ്മമ്മ കാറിൽ മുൻസീറ്റിൽ എന്റെ അരികിൽ ഇരുന്നു. ഞാൻ വണ്ടി സ്റ്റാർട്ടു ചെയ്തു.

'ഇതാരടതാ വണ്ടി?'

'ഒരു സ്നേഹിതന്റെ. വാസുദേവൻ എന്നു പറയും.'

കൃപാകരാ, നിനക്കും വാങ്ങരുതോ ഒരു വണ്ടി?'

'എനിക്കത്ര വലിയ മോഹങ്ങൾ ഒന്നും ഇല്ലമ്മമ്മേ.'

'നിനക്ക് ഒരു മാറ്റോം ഇല്ല. ആ പഴയ കൃപാകരൻ തന്നെ.'

അമ്മമ്മ ഒരു ചിരിയോടെ പറഞ്ഞു.

വെയിൽ മൂക്കുന്നതിനു മുമ്പുതന്നെ ഞങ്ങൾ പട്ടണത്തിൽ എത്തി. ഗെയ്റ്റിൽ കാർ നിർത്തി,

**അമ്മമ്മയ്ക്ക് ഒരു റെഡ്കാർപ്പറ്റ് സ്വീകരണം നല്കുവാൻ ഞങ്ങൾ തീരുമാനിച്ചു. എന്റെ ഭൂതകാലത്തിന്റെ ഒരു തെളിഞ്ഞ ഓർമ്മയാണ് അവർ. ബാല്യകാലം, നാടുവിടുന്നതുവരെയുള്ള തറവാട്ടിലെ ജീവിതം... അതിന്റെയെല്ലാം കണ്ണികളാണ് അവർ.**

പോകാൻ സൗകര്യമുള്ള നിരത്തുകൾ, വൈദ്യുതി, സ്കൂൾ, തപാലാപ്പീസ്.

ഞാൻ ചെല്ലുമ്പോൾ അമ്മമ്മ തയ്യാറായി നില്ക്കുന്നു. കസവുമുണ്ടും ബ്ലൗസും ധരിച്ചിരുന്നു. (ദൂരയാത്ര ചെയ്യുമ്പോൾ മാത്രമേ അവർ ബ്ലൗസ് ധരിക്കാറുള്ളൂ.) നരച്ച തലമുടി വൃത്തിയായി കോതിവച്ചിരിക്കുന്നു. കാലുകളിൽ ചെരിപ്പും.

'എങ്ങനെയുണ്ട്. കൃപാകരാ?'

'സുന്ദരിയായിട്ടുണ്ട്.'

അമ്മമ്മ പല്ലില്ലാത്ത വായ കാണിച്ചു ചിരിച്ചു. അവർ ചെല്ലം കൈയിലെടുത്തു. എവിടെ പോകുമ്പോഴും അതവരുടെ

ഞാൻ ഹോണടിച്ചു. വാസന്തിയും കുട്ടികളും ഓടിവന്നു. അവർ ഞങ്ങളെ കാത്തു നില്ക്കുകയായിരുന്നു.

'അമ്മമ്മയ്ക്ക് കൃപാകരന്റെ പുത്തൻവീട്ടിലേക്കു സ്വാഗതം.'

ഞാൻ ഡോർ തുറന്നു കൊടുത്തു. അമ്മമ്മ താഴെയിറങ്ങി കസവുമുണ്ട് മാറിൽ നേരെയിട്ട് എന്റെ പുത്തൻ വീടിനെ ആകെ ഒന്നു നോക്കി.

'അമ്മമ്മയ്ക്ക് ഇഷ്ടമായോ?'

'പുറമേ നിന്നു നല്ല കാഴ്ച. ഉള്ളിലുംകൂടി കണ്ടിട്ട് അഭിപ്രായം പറയാം.'

അമ്മമ്മയ്ക്ക് എന്തിനെക്കുറിച്ചും വ്യക്തമായ





അഭിപ്രായമുണ്ട്. ആ അഭി പ്രായത്തിന് ഞാൻ വളരെയ ധികം വില കല്പിക്കുകയും ചെയ്യുന്നു.

'കുറച്ച് ക്രിസാന്തിമം കൂടി വേണം.'

ഞങ്ങളുടെ കൊച്ചു പൂന്തോട്ടം കണ്ടിട്ട് അവർ അഭിപ്രായപ്പെട്ടു.

തോട്ടത്തിൽ നാടൻ പൂക്ക ളാണ് ഏറെയും. ചെട്ടിപ്പൂ ക്കൾ മാത്രമല്ല, തറവാടിന്റെ കൂടാരപ്പൂവുകൾ കൂടി ഞാനി വിടെ നട്ടുവളർത്തിയിരുന്നു.

ഈ പൂക്കളെല്ലാം അമ്മമ്മയ്ക്കു പഴഞ്ചനായി തോന്നിയിരിക്കണം.

അകത്തു കയറിയ അമ്മമ്മ, ഒരു ഗ്ലാസ് തണുത്ത സ്ക്വാഷ് കുടിച്ചു, വീടാകെ നടന്നുകണ്ടു. അതിനുശേഷം മുകളിലെ സിറ്റൗട്ടിൽ ഇരുന്ന് ചെല്ലം കൈയിലെടുത്തു.

അന്നേരം ഞാൻ രഹസ്യ മായി അവരുടെ മിനിഉരൽ എന്ന പ്രയോഗത്തെക്കുറിച്ച് വാസന്തിയോടു പറഞ്ഞു. അതു കേൾക്കേണ്ട താമസം, അവൾ പൊട്ടിച്ചിരിച്ചു.

പട്ടണത്തെ വിഹഗമായി വീക്ഷിച്ചുകൊണ്ട് അമ്മമ്മ വിശദമായി ഒന്നുമുറുക്കി:

'വീടിനു ചെലവെന്തായി?' 'ഒന്നേകാല്?'

'ഇക്കാലത്ത് അതത്ര വലിയ തുകയൊന്നും അല്ല.'

അമ്മമ്മ നിസാരമായി പറഞ്ഞു. അതുകേട്ടപ്പോൾ എന്റെ ഉള്ളിൽ ഒരു തേങ്ങൽ ഉയർന്നു. ഈ ഒന്നേകാൽ ലക്ഷത്തിനു വേണ്ടി ഒരാ യുഷ്കാലം മുഴുവൻ ഞാൻ ചോര നീരാക്കി അദ്ധ്വാനിച്ച കഥ എനിക്കല്ലാതെ മറ്റാർക്ക റിയാം!

ഉച്ചയാകുന്നതുവരെ ഞങ്ങൾ അവിടെയിരുന്നു പല കാര്യങ്ങളും സംസാ രിച്ചു. നഗരങ്ങളിലെ വിശേഷ ങ്ങൾ അറിയുവാൻ അവർ പ്രത്യേകം താത്പര്യം കാണിച്ചു.

'കൃപാകരാ, നിയ്യ്, ഭാഗ്യ വാനാ. നിനക്ക് ലോകം കാണാൻ കഴിഞ്ഞല്ലോ. ഈ അമ്മമ്മ എന്തു കണ്ടു? ഒരു ഗ്രാമത്തില് ജനിച്ചു വളർന്നു. അവിടെത്തന്നെ കിടന്നു ഞാൻ ചാകുകയും ചെയ്യും. എനിക്ക് ഒരു സങ്കടമേയുള്ളൂ. കുറെ യാത്ര ചെയ്യാൻ കഴി ഞ്ഞില്ലല്ലോ?'

'അമ്മമ്മയെ ഞാൻ എങ്ങോട്ടെങ്കിലും കൊണ്ടു പോകാം. കുറച്ചു കഴിയട്ടെ. നമുക്ക് മദിരാശിവരെ ഒന്നു പോകാം.'

'മദിരാശി കണ്ടിട്ട് എന്താ കാര്യം? കാണണെങ്കില് ദുബായി കാണണം.'

സത്യം പറയട്ടെ, അതു കേട്ടപ്പോൾ ഈ കൃപാകരൻ ഉരുകിപ്പോയി.

അന്നേരം വാസന്തി വന്ന് ഞങ്ങളെ തീൻമുറിയിലേക്കു ക്ഷണിച്ചു. അതുകൊണ്ട് ഞാൻ രക്ഷപ്പെട്ടു.

അമ്മമ്മ വാഷ്ബേസി നരികിൽച്ചെന്നു മുഖം കഴുകി മേശയ്ക്കു മുമ്പിൽ വന്നിരുന്നു. അവർക്ക് മേശ യിൽനിന്നു ഭക്ഷിക്കുവാൻ കഴിയുമോ എന്നു ഞാൻ സംശയിച്ചിരുന്നു. എന്റെ സംശയം അസ്ഥാനത്തായി രുന്നു. അവരിൽ ഒരു പരിച യക്കുറവും കണ്ടില്ല.

മേശ സമൃദ്ധമാണ്. വാസന്തി അവളുടെ പാചക വിരുതു മുഴുവനും കാണിച്ച മട്ടുണ്ട്. നാടൻമട്ടിലുള്ള ഒരു സദ്യയ്ക്കാണ് അവൾ ആദ്യം പരിപാടിയിട്ടത്; അമ്മമ്മയ്ക്ക് അതായിരിക്കും ഇഷ്ടം എന്ന ധാരണയാൽ. ഞാനാണ്

അവളെ അതിൽനിന്നു പിന്തിരിപ്പിച്ചത്.

'മിടുക്കി.'

തീൻമേശയിൽ ഒരവലോകനം നടത്തിയിട്ട് അമ്മമ്മ വാസന്തിയെ അഭിനന്ദിച്ചു.

അവർ ആദ്യം പ്ലെയിറ്റിൽ വിളമ്പിയത് നൂഡിൽസാണ്. പിന്നെ ചിക്കൻചില്ലിയും. ചോറോ സാമ്പാറോ കണ്ടതായിപ്പോലും നടിച്ചില്ല. വാസന്തി എന്നെ നോക്കി കണ്ണുകൊണ്ടു ചിരിച്ചു.

ഞാൻ എനിക്കു പ്രിയപ്പെട്ട ചോറും മുരിങ്ങസാമ്പാറും വയർ നിറയെ കഴിച്ചു. അമ്മമ്മ അതു ശ്രദ്ധിച്ചിരുന്നു.

'കൃപാകരന് ഒരു മാറ്റോം ഇല്ല, അല്ലേ മോളേ?'

അവർ വാസന്തിയോടു ചോദിച്ചു. എന്നിട്ട് സോയാ സോസിന്റെ കുപ്പിയെടുത്ത് നൂഡിൽസിനുമേൽ ചെരിച്ചു. ഇതൊക്കെ അമ്മമ്മ എങ്ങനെ പഠിച്ചു? ആരു പഠിപ്പിച്ചു?

ഭക്ഷണം കഴിഞ്ഞശേഷം ഞങ്ങൾ എല്ലാവരും ഇരിപ്പുമുറിയിൽ സ്ഥലം പിടിച്ചു. വീണ്ടും നാട്ടുവർത്തമാനങ്ങൾ പറഞ്ഞിരുന്നു.

'അമ്മമ്മയ്ക്ക് ഉറക്കം വരുന്നെങ്കില് മുകളില് ചെന്നു കിടക്കാം.'

അല്പനേരം കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു. എനിക്ക് ഉറക്കം വരുന്നുണ്ടായിരുന്നു.

'ഉച്ചയ്ക്കു കെടന്നാല് എനിക്ക് ഉറക്കം വരില്ല. നിയ്യ് എന്തെങ്കിലും പാട്ടുവെക്ക്.'

ഞങ്ങളുടെ സ്റ്റീരിയോ സിസ്റ്റത്തിൽ നോക്കിക്കൊണ്ട് അമ്മമ്മ പറഞ്ഞു. അതുകേട്ടപ്പോൾ കോളജിൽ പഠിക്കുന്ന എന്റെ മകൾക്ക് ഉത്സാഹം വന്നു. അവൾ ചോദിച്ചു:

'അമ്മമ്മയ്ക്ക് എന്താണു കേൾക്കേണ്ടത്?'

**തീൻമേശയിൽ ഒരവലോകനം നടത്തിയിട്ട് അമ്മമ്മ വാസന്തിയെ അഭിനന്ദിച്ചു. അവർ ആദ്യം പ്ലെയിറ്റിൽ വിളമ്പിയത് നൂഡിൽസാണ്. പിന്നെ ചിക്കൻചില്ലിയും. ചോറോ സാമ്പാറോ കണ്ടതായിപ്പോലും നടിച്ചില്ല. വാസന്തി എന്നെ നോക്കി കണ്ണുകൊണ്ടു ചിരിച്ചു.**

'സുബ്ബലക്ഷ്മിയുടെ കീർത്തനം വെക്ക്.' ഞാൻ പറഞ്ഞു. 'അമ്മമ്മയ്ക്ക് അതായിരിക്കും ഇഷ്ടം.'

എനിക്കും എന്റെ കുടുംബത്തിനും ഏറ്റവും പ്രിയങ്കരമായ റിക്കാർഡാണ് അത്.

നാലു വരി കേട്ടപ്പോൾ അമ്മമ്മ കോട്ടുവായിടുവാൻ തുടങ്ങി.

'നിന്റെയടുത്തു വേറെ റിക്കാർഡൊന്നും ഇല്ലേ മോളേ?'

'അമ്മമ്മയ്ക്ക് എന്താണ് ഇഷ്ടം?'

'ഇംഗ്ലീഷ് വെക്ക്. അബ്ബയുണ്ടെങ്കിൽ അതു വെക്ക്.'

അവൾ അബ്ബയുടെ റിക്കാർഡ് പരതിയെടുത്തു വച്ചു.

മുറിയിൽ സ്റ്റീരിയോ സംഗീതം ഉയർന്നു.


'ഹണീ, ഹണീ, ഹൗ യൂ ത്രിൽ മീ...'

അമ്മമ്മ തലയാട്ടി രസിച്ചിരുന്നു; റിക്കാർഡ് തീരുന്നതുവരെ. തീർന്നപ്പോൾ അവർ പറഞ്ഞു:

'ഒന്നുംകൂടി വെക്കു മോളേ.'

മകൾ അനുസരിച്ചു. മുറിയിൽ വീണ്ടും അബ്ബയുടെ ശബ്ദം ഉയർന്നു. പാട്ടിന്റെ രസത്തിൽ അമ്മമ്മ ലോകമാകെ മറന്നതായി തോന്നി. എന്റെ കണ്ണുകൾ പതുക്കെ അടഞ്ഞു.

വൈകുന്നേരം വെയിൽ താണപ്പോൾ അമ്മമ്മ ഞങ്ങളോടു യാത്ര പറഞ്ഞു. ഞാൻ തന്നെ അവരെ തറവാട്ടിൽ കൊണ്ടുചെന്നു വിട്ടു. തിരികെ തനിയെ കാറോടിച്ചുവരുമ്പോൾ ലോകമാകെ മാറിയതായി എനിക്കു തോന്നി. നാട്ടിൽ നടക്കുന്ന വലിയ പരിവർത്തനങ്ങളെക്കുറിച്ച് അമ്മമ്മ എന്നെ ബോധവാനാക്കിയിരുന്നു.




*(കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച **'മുട്ട ഇടുന്ന ആന'** എന്ന പുസ്തകത്തിൽ നിന്ന് എടുത്തത്)*




*ഫ്രഞ്ച് സ്വാതന്ത്ര്യ പ്രതീകമായ മരിയാൻ. മാഹിയിലെ ഒരു പ്രതിമ



# 1947 ആഗസ്റ്റ് 15 നു ശേഷമുള്ള ഒരു സ്വാതന്ത്ര്യസമര കഥ

**വരുൺ രമേഷ്**

കേരളത്തിനകത്ത് കേരളത്തിന്റേതല്ലാത്ത ഒരു പ്രദേശമുണ്ട്. അതേതു പ്രദേശം എന്നാവും. എന്നാൽ അങ്ങനെയൊരു പ്രദേശമുണ്ട്, വടക്കൻ കേരളത്തിൽ. കോഴിക്കോട് ജില്ലയുടെയും കണ്ണൂർ ജില്ലയുടെയും അതിർത്തി പങ്കിടുന്ന മയ്യഴി എന്ന കുഞ്ഞുപ്രദേശം. കുഞ്ഞുപ്രദേശം എന്നു പറഞ്ഞാൽ കേരളത്തിലെ ഒരു പഞ്ചായത്തിന്റെ അത്രയും പോലും വലുപ്പമില്ലാത്ത പ്രദേശം! അപ്പോൾ ഈ മയ്യഴിക്കാർ മലയാളികളല്ലേ? അതെ, അവർ മലയാളികൾ തന്നെയാണ്. നന്നായി മലയാളം സംസാരിക്കുന്ന മലയാളികൾ. പിന്നെങ്ങനെ ഈ കൊച്ചുപ്രദേശം കേരളത്തിലല്ലാതായി? ആ സംശയത്തിന് ഉത്തരം ലഭിക്കണമെങ്കിൽ നാം ഒത്തിരി പുറകോട്ടുപോകണം. കച്ചവടത്തിനു വന്നവർ ഇന്ത്യ ഭരിച്ചിരുന്ന കാലത്തേക്ക്...

നമ്മുടെ നാട്ടിലെ കുരുമുളകിന്റെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും പെരുമ പണ്ടുപണ്ടേ കടൽകടന്ന് സായിപ്പിന്റെ തീൻമേശയിലും എത്തിയിരുന്നു. അങ്ങനെയാണ് കുരുമുളക് തേടി അറബികൾക്കു പിന്നാലെ പോർച്ചുഗീസുകാരും വാസ്കോഡഗാമയുമെല്ലാം കേരള തീരത്തെത്തിയത്.

അതുവരെ അറബികളുടെ മാത്രം കുത്തകയായിരുന്ന കുരുമുളകിന് 1498 ൽ കോഴിക്കോടിന്റെ തീരത്തെത്തിയ ഗാമ പുതിയ വിലപറഞ്ഞ് പാട്ടം ഉറപ്പിച്ചു. പിന്നാലെ വന്ന ഡച്ചുകാരും കേരളത്തിൽ നിന്നുള്ള കുരുമുളക് തങ്ങൾക്കു തോന്നിയ വില പറഞ്ഞ് ബ്രിട്ടനിലെ ചന്തയിൽ കച്ചവടം നടത്തി. ഇങ്ങനെ പോയാൽ ശരിയാ

വില്ലെന്നു തോന്നിയ ഇരുപത്തിനാല് ബ്രിട്ടീഷ് കച്ചവടക്കാർ 1599 ൽ ഒരു വാണിജ്യസ്ഥാപനം രൂപീകരിച്ചു. അതിന് ബ്രിട്ടീഷ് രാജ്ഞി അംഗീകാരവും നൽകി. ആ കമ്പനിയുടെ പേരാണ് *ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി.* അങ്ങനെ കച്ചവടം ചെയ്യാൻ വന്ന കമ്പനിയാണ് പിന്നീട് ഇന്ത്യയിലെ നാട്ടുരാജാക്കൻമാരെ പറഞ്ഞുപറ്റിച്ചും പേടിപ്പിച്ചും യുദ്ധം ചെയ്തും ബ്രിട്ടന്റെ കോളനിയാക്കി നമ്മുടെ രാജ്യത്തെ മാറ്റിയത്.

അധികം വൈകാതെ ഫ്രഞ്ചുകാരും സമാനമായ ഒരു കമ്പനിക്ക് രൂപം നൽകി. 1664 ൽ ലൂയി പതിനാലാമൻ എന്ന രാജാവിന്റെ സെക്രട്ടറിയും സാമ്പത്തികവിദഗ്ധനുമായ കൊൽബേലിന്റെ നേതൃത്വത്തിലായിരുന്നു *ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി*യുടെ രൂപീകരണം. അങ്ങനെ കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളകിന്റെ മണം പിടിച്ച് ഫ്രഞ്ചുകാരും മലബാർതീരത്തെ ലക്ഷ്യംവെച്ച് കപ്പലുകളുമായെത്തി.

സാഹസികമായിരുന്നു ഫ്രഞ്ചുകാരുടെ ആ മലബാർ യാത്രകൾ. പലവട്ടം അറബിക്കടലിലൂടെ ഫ്രഞ്ച്കപ്പലുകൾ തങ്ങൾക്ക് കച്ചവടം നടത്താൻ പറ്റിയ സ്ഥലം അന്വേഷിച്ച് ചുറ്റിക്കറങ്ങി. എന്നാൽ ഈ തീരത്ത് നേരത്തേ കച്ചവടം പൊടിപൊടിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷുകാർ ഫ്രഞ്ചുകാരെ അടുപ്പിച്ചില്ല. അവസാനം ഇനി രണ്ടിലൊന്നറിഞ്ഞിട്ടു തന്നെ കാര്യം എന്നുറപ്പിച്ച് അവർ മലബാർ തീരത്തെത്തി. അങ്ങനെ അവർ 1721 ൽ കപ്പലടുപ്പിച്ച സ്ഥലമായിരുന്നു മയ്യഴി.

മയ്യഴിയിലെത്തിയ 'സെങ് ലൂയി' എന്ന കപ്പലിൽ നിന്നും ആന്ദ്രെ മൊല്ലർ എന്ന സായിപ്പ് കടത്തനാട്ദേശത്തെ വാഴുന്നവരുടെ അടുത്തെത്തി ഒരു കാര്യം അറിയിച്ചു. താൻ ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ പ്രതിനിധിയാണ്. തങ്ങൾ യുദ്ധം ചെയ്യാനോ നാട് വെട്ടിപ്പിടിക്കാനോ വന്നതല്ല, വാഴുന്നവരുടെ നാട്ടിൽ, അതും മയ്യഴിയിൽ ഒരു പാണ്ട്യാല കെട്ടാൻ സ്ഥലം അനുവദിച്ചുകിട്ടാൻ വാഴുന്നവരുടെ സമ്മതം അറിയാൻ എത്തിയതാണ്. മയ്യഴി വാഴുന്നവർക്ക് ഇക്കാര്യം ബോധിച്ചു. കുറച്ചു ദിവസത്തിനുശേഷം വാഴുന്നോരും ഫ്രഞ്ച്കാരനായ ആന്ദ്രേ മൊല്ലറും ഒരു വ്യാപാരക്കരാറിൽ ഒപ്പിട്ടു.

പക്ഷേ ഫ്രഞ്ചുകാർ വാക്കു പാലിച്ചില്ല. വ്യാപാരം എന്നതിൽ കരാർ നിന്നില്ല. അവർ കച്ചവടം കൊണ്ട് തൃപ്തരായില്ല. കൈയടക്കലുകളും കൈകടത്തലുകളും നിരവധിയുണ്ടായി. പിടിച്ചടക്കാനോ യുദ്ധം ചെയ്യാനോ വന്നതല്ലെന്നു വാക്കു പറഞ്ഞ്, ഒടുവിൽ കച്ചവടം നടത്താൻ, പാണ്ഡ്യാല കെട്ടാൻ ഇടം നൽകിയവർക്കു നേരെ തോക്കു ചൂണ്ടി കാൽക്കീഴിലാക്കാനും ഫ്രഞ്ചുകാർ



ശ്രമിച്ചു. ഇതിനിടയിലാണ് ബ്രിട്ടീഷുകാരുടെ വരവ്. ഫ്രഞ്ചുകാർ മയ്യഴി താവളമാക്കിയത് സഹിക്കാതെ ബ്രിട്ടീഷുകാർ ഈ ഭൂപ്രദേശത്തെ ആക്രമിച്ചു കീഴ്പ്പെടുത്തി.

പക്ഷേ ഫ്രഞ്ചുകാർ വിട്ടുകൊടുക്കാൻ തയ്യാറായിരുന്നില്ല. തങ്ങളുടെ കയ്യിൽ നിന്നും ബ്രിട്ടീഷുകാർ പിടിച്ചെടുത്ത മയ്യഴിയെ തിരിച്ചുപിടിക്കാൻ അവർ തീരുമാനിച്ചു.

അങ്ങനെ 1925 ഡിസംബറിൽ കമാണ്ടർ എം ഡി പർദ്ദയ്യാങ്ങിന്റെ നേതൃത്വത്തിൽ ഫ്രഞ്ച് നാവികസംഘം ആറ് കപ്പലുകളുമായി അറബിക്കടലിൽ, മയ്യഴിക്ക് അഭിമുഖമായി നങ്കൂരമിട്ടു. കടലിൽ നിന്നുള്ള ഏത് ആക്രമണത്തെയും നേരിടാവുന്ന തരത്തിലുള്ള കൂറ്റൻ പാറക്കൂട്ടങ്ങളും ചെങ്കുത്തായ മലനിരകളും ഫ്രഞ്ച്പട്ടാളത്തിനു വെല്ലുവിളിയായിരുന്നു. പക്ഷേ ആ കപ്പലിൽ തന്നെയുണ്ടായിരുന്ന മായേദ് ലബൂർദ്ദോനെ തോണികൾ അടുപ്പിക്കാൻ പ്രയാസമായ കരയിലേക്കു രാത്രിയുടെ മറവിൽ മുളംതണ്ടുകളിൽ ഫ്രഞ്ച്പട്ടാളക്കാരെ കരയ്ക്കെത്തിച്ചു. കരയിലെത്തിയ ഫ്രഞ്ച് പട്ടാളക്കാർ നടത്തിയ അപ്രതീക്ഷിതമായ ആഗറില്ലാ ആക്രമണത്തിൽ ബ്രിട്ടീഷുകാർക്കു പിടിച്ചു നിൽക്കാനായില്ല. മയ്യഴി വീണ്ടും ഫ്രഞ്ചുകാരുടെ കൈകളിലായി.

അങ്ങനെ ബ്രിട്ടീഷുകാരിൽനിന്നും അവരെ സഹായിക്കുന്ന വടകരവാഴുന്നോരിൽ നിന്നും തന്ത്രപൂർവ്വം മയ്യഴി കൈക്കലാക്കി ഫ്രഞ്ച്പതാക ഉയർത്തിയ മായേദ് ലബൂർദ്ദോനെയ്ക്കുള്ള അംഗീകാരമായി ഫ്രഞ്ചുകാർ മയ്യഴിയെ 'മയേ' എന്നു വിളിച്ചു. പിന്നെ ഇടക്കാലത്ത് ബ്രിട്ടീഷുകാരുടെ കൈയിലെത്തിയപ്പോൾ അതിനു പരിണാമം സംഭവിച്ചു മാഹിയായി മാറി. മയ്യഴി എന്ന വാക്ക് മനോഹരമായ അഴിമുഖമുള്ള നാട് എന്ന അർത്ഥത്തിലാണെന്നും ചരിത്രം പറയുന്നുണ്ട്.

ഫ്രഞ്ചുകാർ പതിറ്റാണ്ടുകളോളം കുഞ്ഞുമയ്യഴി ഭരിച്ചു. മയ്യഴിയിൽ ഫ്രഞ്ചുകാരും തൊട്ടടുത്ത പ്രദേശങ്ങളിൽ ബ്രിട്ടീഷുകാരും തങ്ങളുടെ ആധിപത്യം ഉറപ്പിച്ചു. അങ്ങനെയിരിക്കെ 1934 ൽ ഒരാൾ മയ്യഴിയിൽ സന്ദർശനം നടത്തി. സാക്ഷാൽ ഗാന്ധിജി. ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരുമെല്ലാം വിദേശികളാണെന്നും അവരെല്ലാം ഇന്ത്യ വിടണമെന്നും ഗാന്ധി മയ്യഴി മക്കളോടായി പ്രസംഗിച്ചു. ഈ പ്രസംഗത്തിൽ ആവേശഭരിതരായ ഒരുപറ്റം ചെറുപ്പക്കാർ മഹാജനസഭ എന്നൊരു സംഘടന ഉണ്ടാക്കി 'ഫ്രഞ്ചുകാർ ഇന്ത്യ വിടുക' അഥവാ *'ഫ്രാൻസ്വേ കിത്തെ ലേന്ത്'* എന്ന മുദ്രാവാക്യമുയർത്തി പ്രക്ഷോഭം തുടങ്ങി. മയ്യഴി ഗാന്ധി എന്നറിയപ്പെടുന്ന ഐ കെ കുമാരൻ മാസ്റ്ററുടെ നേതൃത്വത്തിലായിരുന്നു പ്രക്ഷോഭം.

1947 ആഗസ്റ്റ് പതിനഞ്ച്. ബ്രിട്ടന്റെ ആധിപത്യത്തിൽ നിന്നും ഇന്ത്യ സ്വതന്ത്ര്യമായി. പക്ഷേ അപ്പോഴും ഫ്രഞ്ചുകാരുടെ ഭരണത്തിനു കീഴിൽ തന്നെയായിരുന്നു മയ്യഴി. ഇന്ത്യയ്ക്കുള്ളിൽ ഇന്ത്യാക്കാരുടേതല്ലാത്ത ഒരു പ്രദേശം.

എന്നാൽ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ കൂടുതൽ ശക്തമാകുന്ന കാഴ്ചയാണ് പിന്നെ കണ്ടത്. പ്രക്ഷോഭം കത്തിപ്പടരുന്നതിനിടെ ഫ്രഞ്ച് ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. ഫ്രഞ്ചുകാർ മയ്യഴി വിട്ടുപോകണോ വേണ്ടയോ എന്ന കാര്യം ഒരു തിരഞ്ഞെ


ഐ കെ കുമാരൻ മാസ്റ്റർ

*ഫോട്ടോ: അസീസ് മാഹി*



സ്വതന്ത്ര മയ്യഴിയിലെ ആദ്യ ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷം

**ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തുള്ള ഏകകോളനിയായ മയ്യഴി വിട്ടുപോകാതിരിക്കാൻ ഫ്രഞ്ചുകാർ ആവുന്നതെല്ലാം ചെയ്തു. ഇതിനു വേണ്ടി വോട്ടർപട്ടികയിൽ തിരിമറി നടത്താൻ പോലും അവർ തയ്യാറായി. ഇതു ചോദ്യം ചെയ്യാനായി മയ്യഴി മുനിസിപ്പൽ ഓഫീസിനു മുന്നിലെത്തിയ ഐ കെ കുമാരൻ മാസ്റ്ററെയും അനുയായികളെയും ഫ്രഞ്ച് പോലീസുകാർ മർദ്ദിച്ചു.**



സ്വതന്ത്ര മയ്യഴിയിലെത്തിയ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന് നൽകിയ സ്വീകരണം

ടുപ്പിലൂടെ തീരുമാനിക്കാം. തങ്ങളുടെ രാജ്യത്ത് കച്ചവടം നടത്താനായി വന്നവർ ഇവിടം വിട്ടുപോകണമെന്ന് ആവശ്യപ്പെടുമ്പോൾ ജനഹിതപരിശോധന നടത്തുന്നതെന്തിനാണെന്നു സ്വാതന്ത്ര്യസമരം നടത്തുന്നവർ മറുചോദ്യം ചോദിച്ചു. പക്ഷേ അവസാനം ഗത്യന്തരമില്ലാതെ അവർക്കും ആ തിരഞ്ഞെടുപ്പിൽ നിൽക്കേണ്ടിവന്നു. ഫ്രഞ്ചുകാരെ അനുകൂലിക്കുന്ന സ്ഥാനാർത്ഥികളും ഫ്രഞ്ചുകാർ ഇന്ത്യ വിടണമെന്നു പറയുന്ന മഹാജനസഭയുടെ സ്ഥാനാർത്ഥികളും മത്സരരംഗത്തിറങ്ങി. 1948 ലായിരുന്നു ഈ സംഭവം. എന്നാൽ ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തുള്ള ഏകകോളനിയായ മയ്യഴി വിട്ടുപോകാതിരിക്കാൻ ഫ്രഞ്ചുകാർ ആവുന്നതെല്ലാം ചെയ്തു. ഇതിനു വേണ്ടി വോട്ടർപട്ടികയിൽ തിരിമറി നടത്താൻപോലും അവർ തയ്യാറായി. വോട്ടർപട്ടികയിൽ തിരിമറി നടത്തിയ സംഭവം ചോദ്യം ചെയ്യാനായി മയ്യഴി മുനിസിപ്പൽ ഓഫീസിനു മുന്നിലെത്തിയ ഐ കെ കുമാരൻ മാസ്റ്ററെയും അനുയായികളെയും ഫ്രഞ്ച് പോലീസുകാർ മർദ്ദിച്ചു.

പിന്നെ കാര്യങ്ങൾ ആരുടെയും കയ്യിൽ നിന്നില്ല. തങ്ങൾ അങ്ങേയറ്റം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന കുമാരൻ മാസ്റ്ററെ ഫ്രഞ്ച് അനുകൂലികൾ കയ്യേറ്റം ചെയ്ത വാർത്ത മയ്യഴിയിൽ കാട്ടുതീപോലെ പടർന്നു. ക്ഷുഭിതരായ അനുയായികൾ ഫ്രഞ്ച് പോലീസിനെ തിരിച്ചടിക്കുകയും അവരെ സ്ഥലത്തു നിന്ന് പിടിച്ചുകൊണ്ടുപോവുകയും ചെയ്തു. കുറച്ചു സമയത്തിനുള്ളിൽ പ്രക്ഷോഭ


മയ്യഴിപ്പാലം

കാരികൾ മയ്യഴിയിലെ പോലീസ്സ്റ്റേഷനും ഭരണകേന്ദ്രമായ മൂപ്പൻ സായ്‌വിന്റെ ബംഗ്ലാവും കയ്യടക്കി. ഫ്രഞ്ച് ഭരണാധികാരികളെ തടഞ്ഞുവച്ചു. മയ്യഴി ഭരിക്കാനായി ഐ കെ കുമാരൻ മാസ്റ്ററുടെ നേതൃത്വത്തിൽ *ഡിഫെൻസ് കൗൺസിൽ* എന്ന പേരിൽ ഒരു കമ്മറ്റി നിലവിൽ വന്നു. എന്നാൽ കാര്യങ്ങൾ അവിടെക്കൊണ്ടും തീർന്നില്ല. ഏഴു ദിവസത്തിനുള്ളിൽ ഫ്രഞ്ചുകാർ പടക്കപ്പലുകളുമായി മയ്യഴിക്കടലിൽ നങ്കൂരമിട്ടു. പിന്നെ അധികം താമസിയാതെ വെള്ളപ്പട്ടാളം കരയിലിറങ്ങി തങ്ങളുടെ കയ്യിൽ നിന്നും വഴുതിപ്പോയ മയ്യഴിയെ തിരികെ പിടിച്ചു.

വെള്ളപ്പട്ടാളം മയ്യഴിയിൽ ഇറങ്ങിയതറിഞ്ഞ് സ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിനായി പ്രവർത്തിച്ച മഹാജനസഭാ നേതാക്കൾക്കും വലിയ ഒരു വിഭാഗം ജനങ്ങൾക്കും മയ്യഴി വിട്ട് സ്വതന്ത്രഇന്ത്യയിൽ അഭയം തേടേണ്ടിവന്നു. അവസാനം ആറു വർഷങ്ങൾക്കു ശേഷം മഹാജനസഭ ചരിത്രപരമായ ആ തീരുമാനമെടുത്തു. ഫ്രഞ്ചുകാരെ എന്നെന്നേക്കുമായി മയ്യഴിയിൽ നിന്നും അവരുടെ ജൻമനാടായ ഫ്രാൻസിലേക്കു പറഞ്ഞയയ്ക്കുക.

ഒരിക്കൽ മയ്യഴിയിൽ നിന്നും ആട്ടിപ്പായിക്കപ്പെട്ടവർ ഒത്തുകൂടി 1954 ജൂലായ് 14ാം തീയതി മയ്യഴിയിലേക്കു മാർച്ചു നടത്താൻ തീരുമാനിച്ചു. മാർച്ച് ചെയ്ത് മയ്യഴി പിടിച്ചെടുക്കുക, അതായിരുന്നു അവരുടെ ലക്ഷ്യം. *'ഫ്രാൻസേ കിത്തെ ലേന്ത്'* എന്ന മുദ്രാവാക്യവും പേറി അവർ തങ്ങളുടെ അവകാശ സ്ഥലത്തേക്കു മാർച്ചു ചെയ്തു തുടങ്ങി.

ആരെങ്കിലും ഇന്ത്യൻ പ്രദേശത്തു നിന്നും മയ്യഴിയിലേക്കു മാർച്ച് ചെയ്തുവന്നാൽ വെടിവെയ്ക്കാനായിരുന്നു ഫ്രഞ്ച് ഗവൺമെന്റിന്റെ തീരുമാനം. എന്നാൽ അതൊന്നും കൂസാതെ ഐ കെ കുമാരൻ മാസ്റ്റർ എന്ന ധീരനേതാവ് ഉയർത്തിപ്പിടിച്ച ഇന്ത്യൻ പതാകയുമായി അവർ മയ്യഴിപ്പാലത്തിലൂടെ മുന്നോട്ടു നടന്നു. പാലം പകുതി കഴിഞ്ഞാൽപ്പിന്നെ ഫ്രാൻസാണ്. അപ്പുറത്തു നിന്നും ജാഥയ്ക്കു നേരെ ചൂണ്ടിപ്പിടിച്ച തോക്കിൽ നിന്നും ഏതു നിമിഷവും വെടി ഉതിർന്നേക്കാം. ജാഥ മയ്യഴിപ്പാലം പിന്നിട്ട് മയ്യഴിയിലെത്തി.

പക്ഷേ ആരും തോക്കിന്റെ കാഞ്ചി വലിച്ചില്ല. ഒരു പട്ടാളക്കാരനും വെടി ഉതിർത്തില്ല. ജാഥ ഭരണത്തിന്റെ സിരാകേന്ദ്രമായ മൂപ്പൻ സായ്‌വിന്റെ വീടിനു മുന്നിൽ എത്തി. അവിടെ നിന്നിരുന്ന മൂപ്പൻ സായ്‌വ് ഫ്രഞ്ചു ഗവൺമെന്റിന്റെ നിലപാട് അറിയിച്ചു.

*'മാഹേ സേത്താവൂ.'*
*'മയ്യഴി നിങ്ങളുടേതാണ്...'*

അങ്ങനെ ഫ്രഞ്ച് ആധിപത്യത്തിനു കീഴിലായിരുന്ന മയ്യഴി സ്വതന്ത്രമായി. മയ്യഴിയെ സ്വതന്ത്രയാക്കാൻ പ്രയത്നിച്ച ഐ കെ കുമാരൻ മാസ്റ്റർ മയ്യഴി ഗാന്ധിയുമായി. 1954 ജൂലായ് 16 ന് രണ്ടു പതിറ്റാണ്ടിലധികം ഫ്രഞ്ചുകാർ ഭരിച്ച മയ്യഴിയിൽ നിന്നും അവർ കപ്പൽ കയറി. ഫ്രഞ്ച് മയ്യഴി സ്വതന്ത്ര മയ്യഴിയായി. അക്കൊല്ലം തന്നെ നവംബർ 1ന് ഫ്രഞ്ചുകാർ ഭരിച്ചിരുന്ന മറ്റു കോളനികളിൽ നിന്നും അവർ ഒഴിഞ്ഞുപോയി. ഫ്രഞ്ചുകാർ ഒഴിഞ്ഞുപോയതോടെ മയ്യഴിയും തമിഴ് നാട്ടിലെ പോണ്ടിച്ചേരിയും, കാരിക്കാലും ആന്ധ്രയിലെ യാനവും ചേർത്ത് പുതുച്ചേരി സംസ്ഥാനം രൂപം കൊണ്ടു.

അങ്ങനെ മലയാളികളായ മയ്യഴിക്കാർ കേരളത്തിനു പുറത്തുള്ള ഒരു സംസ്ഥാനത്തിന്റെ ഭാഗമായി മാറി.

*(ഐ കെ കുമാരൻമാസ്റ്ററുടെ കൊച്ചുമകനാണ് ലേഖകൻ.)*

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# റ

ഡോ. പി കെ രാജശേഖരൻ




വര: ടി ആർ രാജേഷ്

ആസ്ബെസ്റ്റോസ് ഷീറ്റിട്ട ഒരു നീണ്ടപുര. അതിനുള്ളിൽ പനന്തട്ടിവച്ചു മറച്ചതും മറയ്ക്കാത്തതുമായ ക്ലാസ്സുകൾ. എല്ലാവരും ശ്വാസമടക്കിപ്പിടിച്ച് ഇരിക്കുകയാണ്. എന്തോ സംഭവിക്കാൻ പോവുകയാണെന്ന് എല്ലാവർക്കും ഉറപ്പുണ്ടായിരുന്നു. അപ്പോൾ സാർ പ്രവേശിച്ചു.



പഴയൊരു പള്ളിക്കൂടം തുറക്കൽ കാലത്തെപ്പറ്റിയാണു പറഞ്ഞുവരുന്നത്. ഏതാണ്ട് അരനൂറ്റാണ്ടു മുമ്പുള്ളത്. അന്നും ഇങ്ങനെയൊക്കെയായിരുന്നു സ്കൂൾതുറപ്പുകാലം. ജൂൺ മാസത്തിലെ മഴ. പാഞ്ഞൊഴുകുന്ന വെള്ളം നിറഞ്ഞ തോടുകൾ, വയലുകൾ, പുതിയ കുപ്പായങ്ങൾ, സ്ലേറ്റ്, പെൻസിൽ. ഇന്നത്തെ പരിഷ്കാരമൊന്നും ഉണ്ടായിരുന്നില്ലെന്നുമാത്രം. നെയിംസ്ലിപ്പ്, ബ്രൗൺപേപ്പർ, യൂണിഫോം, മടക്കുകുട, വാട്ടർ ബോട്ടിൽ, ഷൂസ്, സ്കൂൾബാഗ് തുടങ്ങിയ ആർഭാടങ്ങളൊന്നുമില്ല. നഗ്നപാദനായി ഞാൻ ഒന്നാംക്ലാസ്സിലേക്കു പോയ ദിവസമായിരുന്നു അത്. എൽ കെ ജി, നഴ്സറി തുടങ്ങിയവയിലൊന്നും പോയിട്ടില്ലാത്തതുകൊണ്ട് ഒരുപിടിയും കിട്ടാതെയാണ് ഞാൻ ആ ആസ്ബെസ്റ്റോസ് നെടുമ്പുരയിലെ ബഞ്ചിൽ പരിഭ്രമിച്ച വശയായി ഇരുന്നത്. കണ്ണീരൊലിപ്പിക്കുന്നവരും എന്നെ ജയിലിൽ അടച്ചു എന്ന മട്ടിലിരിക്കുന്നവരുമൊക്കെയുണ്ടായിരുന്നു അടുത്തടുത്തായി.

അപ്പോൾ സാർ വന്നു!

വെള്ള ഉടുപ്പും മുണ്ടും. ചിരിക്കുമ്പോൾ വായിലെ

മുറുക്കാൻചുവപ്പിനിടയിൽ സ്വർണം കെട്ടിയ പല്ലു തിളങ്ങി.

ക്ലാസ്സിലെ ഒരറ്റത്ത് ഒരു മുക്കാലിയിൽ ചാരിവച്ചിട്ടുള്ള കറുത്ത വലിയ പലകയിൽ (ബ്ലാക്ക് ബോർഡ് എന്നാണ് അതിന്റെ പേരെന്ന് പിന്നീടാണ് അറിഞ്ഞത്. പക്ഷേ ഞങ്ങൾ ബോർഡെന്നേ വിളിച്ചിട്ടുള്ളൂ.) സാർ ചോക്കുകൊണ്ട് ഒരു വലിയ അടയാളം വരച്ചു.

റ

ഞങ്ങൾക്ക് ഒരു പിടിയും കിട്ടിയില്ല. 'ഇതെന്താണ്? ആരു പറയും?' സാർ ചോദിച്ചു. കലപിലകലപിലാന്ന് ഓരോരുത്തരും ഓരോന്നു പറഞ്ഞതുകൊണ്ട് ആരു പറഞ്ഞതും ആർക്കും മനസ്സിലായില്ല. 'ഓരോരുത്തരായി പറയണം.' സാർ പറഞ്ഞു. അങ്ങനെ ഒരോരുത്തരായി പറഞ്ഞു തുടങ്ങി.

'പൊട്ടിയവള.'

'വാതല്.'

'ഒരാള് കുനിഞ്ഞു നിൽക്കുന്നു.'

'അമ്പിളി അമ്മാവനെ തിരിച്ചിട്ടത്.'

'കാലങ്കൊടേടെ കാല്.'

പരിചയസീമയിൽപ്പെട്ട വസ്തുക്കളുമായി ബോർഡിലെ ആ അപരിചിത ചിഹ്നത്തെ താരതമ്യപ്പെടുത്താനുള്ള ശ്രമങ്ങൾ അങ്ങനെ തുടർന്നു. ചിലർ ചിരിപ്പിക്കുന്ന ചില അസംബന്ധങ്ങളും പറഞ്ഞു.

അപ്പോൾ സുരേന്ദ്രൻ പറഞ്ഞു:

'ചീനച്ചട്ടീടെ കാത്!'

സാർ പറഞ്ഞു: 'കൊള്ളാം!'

എല്ലാവരും അസൂയയോടെ സുരേന്ദ്രനെ നോക്കി. കറുത്തു മെലിഞ്ഞ അവന്റെ പേര് സുരേന്ദ്രനാണെന്ന് അപ്പോൾ ആർക്കും അറിയാമായിരുന്നില്ല.

സുരേന്ദ്രനെ സാർ തോളിൽത്തട്ടി അഭിനന്ദിച്ചു.

പിന്നെ പറഞ്ഞു: 'ഇതു ചീനച്ചട്ടീടെ കാതല്ല. 'റ' യാണ്.' ഞങ്ങൾക്ക് ഒരു പിടിയും കിട്ടിയില്ല. റായോ?

ബോർഡിൽ ആ 'റ' യെക്കൊണ്ട് സാർ ചിത്രവേലകൾ കാണിച്ചു. 'റ' യെ അകത്തോട്ടു വളച്ചപ്പോൾ അത് 'ര' യായി. പുറത്തിറക്കിയപ്പോൾ 'ത' യായി. അങ്ങനെ തുടങ്ങി എന്റെ അക്ഷരാഭ്യാസം.

മലയാളത്തിലെ ലിപികളുടെ കളിമണ്ണാണ് അല്ലെങ്കിൽ ലോഹമാണ് 'റ'. ചെറിയൊരു കമ്പി വളച്ചതുപോലുള്ള ആ ലിപിയെ നീട്ടിയും വളച്ചും കറക്കിയും തിരിച്ചും മറിച്ചും ചെറുതാക്കിയും വലുതാക്കിയും മലയാളത്തിലെ മറ്റെല്ലാ അക്ഷരവും നിർമിക്കാം. യഥാർത്ഥത്തിൽ ചെറു നീൾവര(–) യാണത്. അത് വളഞ്ഞ് 'റ' യാവുന്നു. പിന്നെയും വളഞ്ഞുവളഞ്ഞ് ര, ത... അങ്ങനെയങ്ങനെ അ, ആ, ഇ, ഉ, ഋ... അങ്ങനെ നീണ്ട് ഒടുവിൽ പൂർണമായി 'ം' (അം) ആയിത്തീരുന്നു.

ചുരുങ്ങിയും നിവർന്നും അത് 'പ' യും 'ഫ' യും 'ബ' യും 'ഭ' യുമാവും; 'ണ്ട' യും 'ണ്ഡ' യുമൊക്കെയാവും. എവിടെയും ആ ചെറിയ ലോഹക്കമ്പി തന്നെ.

ചീനച്ചട്ടിക്കാതുപോലെ വളയാനും അമ്പുപോലെ നിവരാനും കുന്തംപോലെ കുതിക്കാനും ദോശക്കല്ലുപോലെ വട്ടത്തിലാവാനും കഴിയുന്ന ഭാഷയുടെ വിനിമയശേഷിയും അർത്ഥനിർമാണശേഷിയും മുഴുവൻ ആ ചെറുവരയാണ് പ്രകടിപ്പിക്കുന്നത്. ലോകത്തെമുഴുവൻ അളക്കാവുന്ന ഒരു മുഴക്കോല്. എന്തൊരു ഇന്ദ്രജാലം!

ഒന്നാംക്ലാസ്സിലെ സാർ സുരേന്ദ്രൻ പറഞ്ഞത് മണ്ടത്തരമായിട്ടും അഭിനന്ദിച്ചതിന്റെ പൊരുൾ വളരെ വർഷം കഴിഞ്ഞാണ് എനിക്കു തെളിഞ്ഞുകിട്ടിയത്. ജീവിതത്തോട് ഏറ്റവും അടുത്തു നിൽക്കുന്ന ഉത്തരമാണ് സുരേന്ദ്രൻ പറഞ്ഞത്. അന്നത്തിന്റെയും അടുക്കളയുടെയും വിശപ്പിന്റെയും അധ്വാനത്തിന്റെയും ചിഹ്നമായ ചീനച്ചട്ടി. ചുരുക്കിപ്പറഞ്ഞാൽ ജീവിതത്തിന്റെ പ്രതീകമാണത്. ജീവിതത്തെ ആവിഷ്ക്കരിക്കലാണ് അക്ഷരങ്ങളുടെയും ഭാഷയുടെയും ലക്ഷ്യമെന്ന് അറിയാമായിരുന്നതുകൊണ്ടാണ് ആ അധ്യാപകൻ 'റ' യെ ചീനച്ചട്ടിക്കാതിന്റെ ജീവിതപരിചയത്തിലേക്കു പരിഭാഷപ്പെടുത്തിക്കണ്ട സുരേന്ദ്രനെ അഭിനന്ദിച്ചത്.

എല്ലാ ലിപികളും ചെയ്യുന്നത് അതുതന്നെ. നമ്മുടെ സ്വപ്നങ്ങളെയും ആശയങ്ങളെയും കൊത്തിയെടുത്ത് ഭാഷയുടെ ആകാശത്തിലൂടെ ജീവിതത്തിലേക്കു പക്ഷികളെപ്പോലെ പറന്നിറങ്ങൽ.

# സകലകല

എം കൃഷ്ണദാസ്

സമയത്തു പുസ്തകം കിട്ടാത്തതിന്റെ പേരിൽ സങ്കടപ്പെട്ടിരിക്കുന്നകുട്ടികളേയും അധ്യാപകരേയും അത്ഭുതപ്പെടുത്തിക്കൊണ്ടാണ് സ്വാമിനാഥൻ മാഷ് പുതിയ പഠനപരിപാടി ഒപ്പിച്ചത്. ആദ്യത്തെ ദിവസം പുതിയ കുട്ടികളെ പരിചയപ്പെടലും പ്രവേശനോത്സവഗാനത്തിന്റെ ഈണമുണ്ടാക്കലും കൂടെപ്പാടലുമൊക്കെയായി തീർന്നു. പോകാൻ നേരത്ത് സ്വാമിമാഷ് കുട്ടികളോടായി പറഞ്ഞു:

''നാളെ വരുമ്പോൾ ഓരോ കുട്ടിയും വിവിധതരം വിത്തുകൾ ചുരുങ്ങിയത് പത്തെണ്ണം വീതം വീട്ടിന്ന് കൊണ്ടുവരണം..''

പുതിയ മാഷ് ആദ്യമായി പറഞ്ഞ കാര്യമല്ലേ എന്നു കരുതി രണ്ടാംദിവസം മാഷ് ക്ലാസ്സിലെത്തിയപ്പോഴേക്കും കുട്ടികൾ വിത്തുപൊതികൾ സ്കൂൾ ബാഗിൽ നിന്നെടുത്ത് ഡെസ്ക്കിനു മുകളിൽ വെച്ചു.

ചെറുപയർ, വൻപയർ, മുതിര, കടുക്, കടല... അങ്ങനെയങ്ങനെ ഡെസ്കിനു മുകളിൽ വിത്തുകളുടെ പ്രളയം... മാഷ്ടെ മുഖം സന്തോഷംകൊണ്ടു തെളിഞ്ഞു.

പൊതിക്കെട്ടിലെ വിത്തുകൾ എണ്ണിക്കൊണ്ട് കണക്കു പിര്യേഡ് തീർന്നെങ്കിൽ വിത്തുകളുടെ കഥ

വര: സചീന്ദ്രൻ കാറഡ്ക്ക



വിവരിച്ചുകൊണ്ടു മലയാളം പിര്യേഡും മാഷ് തീർത്തു. വിത്തുകളെക്കൊണ്ട് ഇന്നത്തെ ദിവസം താണ്ടാമെന്ന വിശ്വാസത്തിലായിരുന്നു സ്വാമിമാഷ്. പരിസരപഠനക്ലാസ്സിൽ വിത്തുകളുടെ സവിശേഷത പറയിക്കാൻ വിത്തുകളാകെ മേശപ്പുറത്ത് നിരത്തി മാഷ് കോപ്പു കൂട്ടുന്നതിനിടയ്ക്കാണ് ഹെഡ്മാഷ് പ്യൂണിനെവിട്ട് മാഷിനെ ഓഫീസിലേക്കു വിളിപ്പിച്ചത്. കുട്ടികളുടെ എണ്ണമെല്ലാം ശരിയാക്കിക്കൊടുത്ത് മാഷ് തിരികെ ക്ലാസ്സിലെത്തിയപ്പോൾ മേശപ്പുറം ശൂന്യമായിരിക്കുന്നു. പരിസരപഠനം വിത്തുകളെ വെച്ച് കസറാമെന്നു കരുതിയ മാഷ് നിരാശയിൽ മുരണ്ടു:

''ആരാ ഇവിടുത്തെ വിത്തു മുഴുവൻ എടുത്തത്...?''

''സരളച്ചേച്ചീ... കൊണ്ടോയി... സാറേ...'' -ക്ലാസ്സ് കോറസ്.

മാഷ് ദേഷ്യത്തോടെ ഉച്ചക്കഞ്ഞിപ്പുരയിലേക്കു ചെന്നു

''യ്യ് എന്തു പണ്യാ സരളേ ചെയ്തത്.'' ഞാൻ പഠിപ്പിക്കാൻ വെച്ചിരുന്ന വിത്തു മുഴുവൻ എന്തിനാ എടുത്തോണ്ടു പോന്നത്...''

''കുട്ടികൾക്ക് ഉച്ചക്കഞ്ഞിക്ക് കൂട്ടാനിൽ ചേർത്തേക്കാന്നു കരുതി സാറേ... ആദ്യ ദിവസോല്ലേ, കുട്ടികളിത്തിരി ടേസ്റ്റായിട്ട് ഭക്ഷണം കഴിച്ചോട്ടെ. അതോണ്ടല്ലേ ഞാൻ എടുത്തത്...!''

ഇനി വല്ല പാചകക്ലാസ്സുമേ പറ്റൂ എന്ന് സ്വാമിസാർ മുറുമുറുപ്പോടെ ആലോചിക്കുന്നതിനിടയ്ക്ക് സരള തിളച്ചു മറിയുന്ന കറിപ്പാത്രം അടുപ്പത്തു നിന്നും ഇറക്കിവെച്ചു.

# തേങ്ങാഞണ്ട്!



photo credit: K Singer

ഈ ചങ്ങാതിയെക്കണ്ടിട്ട് എന്തു തോന്നുന്നു? ലോകത്തിലെ ഏറ്റവും വലിയ ഞണ്ട് എന്ന വിശേഷണം മാത്രമല്ല, ലോകത്തിലെ ഏറ്റവും വലിയ ആർത്രോപോഡ് എന്ന വിശേഷണവും ഈ ചങ്ങാതിക്കു നന്നായി ചേരും. തേങ്ങാഞണ്ട് (Coconut crab) എന്നാണ് ഈ ഞണ്ടിന്റെ പേര്. ഇന്ത്യൻ മഹാസമുദ്രത്തിലും പസഫിക് സമുദ്രത്തിലുമുള്ള ദ്വീപുകളിലാണ് ഈ ജീവിയുടെ വാസം.

തേങ്ങാഞണ്ട് എന്ന പേര് എങ്ങനെ കിട്ടിയെന്നറിയുമോ? വിശന്നു കഴിഞ്ഞാൽ എലി പോലുള്ള ചെറുജീവികളെയൊക്കെ കിട്ടുമോ എന്ന് ആദ്യം നോക്കും. രക്ഷയില്ലെന്നു കണ്ടാൽപ്പിന്നെ വീണുകിടക്കുന്ന തേങ്ങ വല്ലതും കിട്ടുമോ എന്നായിരിക്കും നോട്ടം. ഒരു തേങ്ങ കണ്ടെത്തിക്കഴിഞ്ഞാൽപ്പിന്നെ കലാപരിപാടി ആരംഭിക്കുകയായി. തന്റെ ബലിഷ്ഠമായ ഇറുക്കുകൈകൾ ഉപയോഗിച്ച് പതിയെ തേങ്ങ പൊതിക്കും. മടൽ പൊളിച്ചു കഴിഞ്ഞാൽപ്പിന്നെ ചിരട്ടയും പൊളിക്കണം. തേങ്ങയുടെ മൂന്നാംകണ്ണാണ് ഇതിന് ഇവരെ സഹായിക്കുന്നത്. ഇറുക്കുകാലുകൾ ഉപയോഗിച്ച് മൂന്നാംകണ്ണു തുരന്ന് ബലം പ്രയോഗിച്ച് ചിരട്ടയും പൊളിച്ച് പതിയെ തേങ്ങ തിന്നും.

ഇന്ത്യയിലെ ആൻഡമാൻ ദ്വീപുകളിലും ഈ ഞണ്ടുകൾ കാണപ്പെടുന്നുണ്ട്. കൈകൾ നിവർത്തിയാൽ ഏതാണ്ട് ഒരു മീറ്ററോളം നീളം വരും ഈ ഞണ്ടുകൾക്ക്. വിവിധ വലിപ്പത്തിലും നിറത്തിലും ഇവയെ കാണാം. ഈ ഞണ്ടുകളെക്കുറിച്ച് പലരും പഠിച്ചിട്ടുണ്ടെങ്കിലും ഇവയുടെ ആകെ എണ്ണത്തെക്കുറിച്ച് ഇപ്പോഴും വ്യക്തമായ ധാരണയില്ല. ഡാറ്റ ഡെഫിഷ്യന്റ് എന്ന വിഭാഗത്തിലാണ് ഇവയെ IUCN ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവർ തേങ്ങ പൊതിക്കുന്ന കാഴ്ച കാണണമെന്നുണ്ടോ? Youtube ൽ Coconut crab എന്നു തിരഞ്ഞുനോക്കൂ.

എൻ കെ എസ്






# കുഴൽത്തപാലിന്റെ കഥ

## സുജിത്ത് കുമാർ

പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കം. ആശയവിനിമയത്തിന് അക്കാലത്ത് ഏറ്റവും വേഗമുള്ള മാർഗ്ഗം കമ്പിത്തപാൽ ആണ്. ലണ്ടൻ സ്റ്റോക്എക്സ്ചേഞ്ചിലെ ഓഹരി ഇടപാടുകാർ ഓഹരിവിപണിയെക്കുറിച്ചുള്ള വിവരങ്ങൾ സ്വീകരിക്കാൻ പരക്കെ പ്രയോജനപ്പെടുത്തിയിരുന്നതും കമ്പിത്തപാൽ തന്നെ. ഓഹരിയുടെ മൂല്യം എപ്പോഴും മാറിക്കൊണ്ടിരിക്കും. ഓഹരികളുടെ അപ്പപ്പോഴുള്ള മൂല്യമറിയുക എന്നതു തന്നെയാണ് ഏതൊരു ഇടപാടുകാരുടെയും ആവശ്യം. പക്ഷേ സ്റ്റോക് എക്സ്ചേഞ്ചിനും കമ്പിത്തപാൽ ആപ്പീസിനും ഇടയിലുള്ള ചെറിയ ദൂരം മൂലമുണ്ടാകുന്ന സമയനഷ്ടം തന്നെ കമ്പിത്തപാലിലൂടെ ലഭിക്കുന്ന സന്ദേശങ്ങളുടെ യഥാർത്ഥഫലത്തെ സാരമായി ബാധിക്കുന്നു. ഇത് പരിഹരിച്ചേ പറ്റൂ.

അങ്ങനെയാണ് 1853ൽ ലാറ്റിമർ ക്ലർക്ക് എന്ന എഞ്ചിനീയർ രംഗത്തു വരുന്നത്. അദ്ദേഹം 220 മീറ്റർ ദൂരത്തിൽ ലണ്ടൻ സ്റ്റോക്എക്സ്ചേഞ്ചും കമ്പിത്തപാൽആപ്പീസും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരു കുഴൽ സ്ഥാപിച്ചു. ഈ കുഴലിലൂടെ ഉയർന്ന മർദ്ദത്തിൽ ഒരു ദിശയിലേക്ക് എപ്പോഴും വായുപ്രവാഹമുണ്ടാകും. സന്ദേശം ഒരു കടലാസിൽകുറിച്ച് ഈ കുഴലിൽ വച്ചുകൊടുത്താൽ മതി. വായുപ്രവാഹത്തിൽ പ്പെട്ട് കമ്പിത്തപാൽ ആപ്പീസിൽ നിന്നും സന്ദേശങ്ങൾ ഒട്ടും സമയനഷ്ടം കൂടാതെ സ്റ്റോക് എക്സ്ചേഞ്ചിലെത്തും! പരീക്ഷണാടിസ്ഥാനത്തിൽ ചെയ്ത ഈ സംവിധാനം വളരെ പ്രയോജനപ്രദമായി ത്തീർന്നു. താമസിച്ചില്ല, മറ്റു നഗരങ്ങളിലെ സ്റ്റോക് എക്സ്ചേഞ്ചുകളിലേക്കും കുഴൽത്തപാൽ



ജലവിതരണ സംവിധാനം പോലെ പ്രധാന തപാൽആപ്പീസുകളെയും സർക്കാർസ്ഥാപനങ്ങളെയും വലിയ പാർപ്പിടസമുച്ചയങ്ങളെയുമെല്ലാം ബന്ധിപ്പിച്ചുകോണ്ട് ഭൂഗർഭകുഴലുകൾ സ്ഥാപിക്കപ്പെട്ടു. പ്രത്യേകം തയ്യാറാക്കിയ ഡപ്പികളിലാണ് തപാൽ ഉരുപ്പടികൾ വയ്ക്കുന്നത്. ഈ ഡപ്പികൾ ഉയർന്ന വായുമർദ്ദത്തിൽ ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് പെട്ടെന്ന് എത്തിച്ചേരുകയും ചെയ്യും.

എത്തിച്ചേർന്നു.

സാങ്കേതികവിദ്യകളുടെ കുത്തൊഴുക്കിൽ ഇന്ത്യൻ തീരത്ത് അടുക്കാതെ പോയ ന്യൂമാറ്റിക് മെയിൽ സിസ്റ്റം, ട്യൂബ് മെയിൽ സിസ്റ്റം എന്നെല്ലാം അറിയപ്പെടുന്ന കുഴൽത്തപാൽ ശൃംഖലയുടെ കഥ തുടങ്ങിയത് ഇങ്ങനെയാണ്.

വളരെ പെട്ടെന്നു തന്നെ യൂറോപ്യൻരാജ്യങ്ങളുടെയും അമേരിക്കയുടെയുമെല്ലാം തപാൽ വിതരണ ശൃംഖലകളിൽ ന്യൂമാറ്റിക് മെയിൽ സർവീസ് സ്ഥാനം പിടിച്ചു. ജലവിതരണ സംവിധാനം പോലെ പ്രധാന തപാൽആപ്പീസുകളെയും സർക്കാർസ്ഥാപനങ്ങളെയും വലിയ പാർപ്പിടസമുച്ചയങ്ങളെയുമെല്ലാം ബന്ധിപ്പിച്ചുകൊണ്ട് ഭൂഗർഭകുഴലുകൾ സ്ഥാപിക്കപ്പെട്ടു. പ്രത്യേകം തയ്യാറാക്കിയ ഡപ്പികളിലാണ് തപാൽ ഉരുപ്പടികൾ വയ്ക്കുന്നത്. ഈ ഡപ്പികൾ ഉയർന്ന വായുമർദ്ദത്തിൽ ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് പെട്ടെന്ന് എത്തിച്ചേരുകയും ചെയ്യും. 300 മുതൽ 500 വരെ കത്തുകൾ ഉൾക്കൊള്ളിക്കാവുന്ന ഇത്തരം ഡപ്പികൾക്ക് ശരാശരി അമ്പത് കിലോമീറ്റർ പ്രതി മണിക്കൂർ വേഗത കൈവരിക്കാൻ കഴിഞ്ഞിരുന്നു. അന്നത്തെ വാഹനങ്ങളുടെയും മറ്റും വേഗത ഇതിനെ അപേക്ഷിച്ച് വളരെ കുറവായിരുന്നു. വാഹനങ്ങളിലൂടെയും മറ്റുമുണ്ടായിരുന്ന പരമ്പരാഗത തപാൽവിതരണസംവിധാനത്തിന്റെ പോരായ്മകളെ പരിഹരിക്കാൻ കഴിവുള്ളതായിരുന്നു അന്നത്തെ ഈ 'കുഴൽത്തപാൽ' സംവിധാനം. കനത്ത മഞ്ഞുവീഴ്ചയും നിരത്തുകളിലെ തടസ്സങ്ങളും ഒരു തരത്തിലും ബാധിക്കാതെ ഏതു പ്രതികൂല കാലാവസ്ഥയിലും ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കാൻ കഴിയുന്നതാണെന്ന സവിശേഷത കുഴൽത്തപാലിന്റെ സ്വീകാര്യത വല്ലാതെ കൂട്ടി.

എങ്കിലും ഉയർന്ന നിർമ്മാണപരിപാലന



### ഇന്നും കുഴൽത്തപാൽ

തപാൽ മേഖലയിൽ ഇപ്പോൾ എവിടെയും ഉപയോഗിക്കുന്നില്ലെങ്കിലും ഇതേ സംവിധാനത്തിന്റെ പരിഷ്കൃത രൂപങ്ങൾ സൂപ്പർ മാർക്കറ്റുകളിലും ബാങ്കുകളിലും ആശുപത്രികളിലും മറ്റും ഇന്നും ഉപയോഗപ്പെടുത്തുന്നുണ്ട്..



ആദ്യകാലത്ത് ന്യൂയോർക്ക് ഇൻഷൂറൻസ് പോലെയുള്ള വലിയ സ്ഥാപനങ്ങൾ ഒരേ കെട്ടിടത്തിൽ തന്നെയുള്ള വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള കത്തിടപാടുകൾ വേഗത്തിലാക്കാൻ സ്വന്തം നിലക്കു തന്നെ ന്യൂമാറ്റിക് ട്യൂബ് മെയിൽ സംവിധാനം നടപ്പിലാക്കിയിരുന്നു.

ച്ചെലവുകൾ ഇവയെ വികസിതരാജ്യങ്ങളിലെ വൻ നഗരങ്ങളിലേക്കു മാത്രം ഒതുക്കി നിർത്തി. പാരീസ്, ലണ്ടൻ, ന്യൂയോർക്ക് തുടങ്ങിയ വൻന ഗരങ്ങളിലെല്ലാം ന്യൂമാറ്റിക് മെയിൽ ശൃംഖലകൾ തപാലാപ്പീസു കളെയും സർക്കാർസ്ഥാപന ങ്ങളെയും വൻകിടപാർപ്പിട സമുച്ചയങ്ങളെയുമെല്ലാം പരസ്പരം ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു ആദ്യകാല 'ഇന്റർനെറ്റ്' ആയി പ്രവർത്തിച്ചു. മൊത്തം തപാൽവിനിമയത്തിന്റെ 30 ശതമാനത്തിലധികം കയ്യടക്കിക്കൊണ്ടായിരുന്നു 1897 മുതൽ 1953 വരെ ന്യൂയോർക്ക് നഗരത്തിൽ ട്യൂബ് മെയിൽ സർവ്വീസ് അരങ്ങുവാണിരുന്നത്.

ആദ്യകാലത്ത് ന്യൂയോർക്ക് ഇൻഷൂറൻസ് പോലെയുള്ള വലിയ സ്ഥാപനങ്ങൾ ഒരേ കെട്ടിടത്തിൽ തന്നെയുള്ള വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള കത്തിടപാടുകൾ വേഗത്തിലാക്കാൻ സ്വന്തം നിലക്കു തന്നെ ന്യൂമാറ്റിക് ട്യൂബ് മെയിൽ സംവിധാനം നടപ്പിലാക്കിയിരുന്നു.

ഉയർന്ന പരിപാലന ച്ചെലവും ഇതര സാങ്കേതിക വിദ്യകളിലും ഗതാഗത സംവിധാനങ്ങളിലും ഉണ്ടായ വൻമുന്നേറ്റവും പതിയെ ട്യൂബ് മെയിൽ സർവ്വീസ് ഒട്ടും തന്നെ ലാഭകരം അല്ലാതാക്കിത്തീർത്തു.

ചെക്ക് റിപ്പബ്ലിക്കൻ പട്ടണമായ പ്രാഗിൽ 1889ൽ പ്രവർത്തനം തുടങ്ങിയ കുഴൽത്തപാൽ സംവിധാനം 2002 വരെ പ്രവർത്തിച്ചിരുന്നു. 2002ലുണ്ടായ രൂക്ഷമായ വെള്ളപ്പൊക്കത്തെത്തുടർന്ന് പ്രാഗ് ന്യൂമാറ്റിക് പോസ്റ്റ് തകരാറിലായതോടെ എന്നെന്നേക്കുമായി ഇതിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. കുഴൽത്തപാൽ അങ്ങനെ ചരിത്രത്തിന്റെ ഭാഗമായി മാറി.



# ഏതു തട്ടാൻ?

വര: സചീന്ദ്രൻ കാറഡ്ക്ക

## തേവന്നൂർ മണിരാജ്




ഈച്ചയ്ക്കും പൂച്ചയ്ക്കും കാതുകുത്തി
ഈച്ചരപ്പിള്ളയ്ക്കും കാതുകുത്തി
കൊച്ചുമലയുടെ മച്ചിൽനിന്നും
പുഞ്ചിരിതൂകുവതേതു തട്ടാൻ..?


തീക്കട്ട തന്നിലങ്ങിട്ടുരുക്കി
പൊൻകട്ട ചേലിലടിച്ചൊരുക്കി
പലജാതിപ്പണ്ടങ്ങൾ തീർത്തുനിത്യം
പൊൻപൊടി പൂശുവതേതു തട്ടാൻ...?


# അക്ഷരചിത്രം

ഭരണിക്കാവ് കൃഷ്ണൻ

ഹ കൊണ്ട് രണ്ടു ചിത്രങ്ങൾ









കൊച്ചുകുട്ടികൾക്ക് ചൊല്ലിപഠിക്കാൻ ഇതാ
വിഷ്ണുനാരായണൻ നമ്പൂതിരിയുടെ രണ്ടു കുട്ടിക്കവിതകൾ



# 1 ചുണ്ടൻവള്ളം

**വിഷ്ണുനാരായണൻ നമ്പൂതിരി**

പൊന്നുകൊണ്ടു
പോള ചാർത്തി
വെള്ളികൊണ്ടു
മണി കെട്ടി
പരുന്തുപോൽ
ചുണ്ടൻവള്ളം
പറന്നുപോയീ...!

പമ്പയാറ്റിൽ
ഒഴുക്കേറി
പനയോളം
വെള്ളം പൊങ്ങി
അതിൻമീതേ
ഓടിവള്ളം
തുഴഞ്ഞുകേറീ...!

വര: സുധീർ പി വൈ

# 2 മിടുക്കന്റെ ഉത്തരം

മിടുക്കനാമൊരു കുട്ടി
കുളിക്കുവാൻ പോയി
കുളക്കല്ലിലിരുന്നൊരു
കൂട്ടമാക്രി ചൊല്ലി:
മിടുക്കാ നീ കുളിക്കേണ്ട
തണുപ്പുള്ള നീറ്റിൽ
മുഖം തൊട്ടു നനച്ചിട്ടു
മടങ്ങിപ്പൊയ്ക്കൊള്ളൂ!
മിടുക്കനോ ചിരിച്ചോതീ
ചിലയ്ക്കേണ്ട മാക്രീ
പുലർച്ചയിൽ പുഴവെള്ളം
ഇളംചൂടാണല്ലോ
കുളിക്കുവാൻ രസമല്ലോ
കുളിരുള്ള മഞ്ഞിൽ
തുടിച്ചുനീന്തി ഞാൻ മുങ്ങി-
ക്കുളിക്കും കണ്ടോളൂ!





# തവളപ്പാട്ടുകേൾക്കാം –2

ഫോട്ടോ/ലേഖനം **മനോജ് പി**

**ജലത്തിലും കരയിലും ജീവിക്കാൻ കഴിയുന്ന ഉഭയജീവികളിൽ മനുഷ്യർക്കേറ്റവും പരിചിതവും തവളകൾ തന്നെ. ശ്വാസകോശങ്ങളുണ്ടെങ്കിലും വെള്ളത്തിൽ ജീവിക്കാൻകഴിയുമാറുള്ള സജ്ജീകരണങ്ങളെല്ലാം ഇവർക്കുണ്ട്. ത്വക്കിലൂടെ ജലം വലിച്ചെടുക്കാനും പുറത്തുവിടാനും കഴിവുള്ളവർ. തവളകളുടെ വൈവിദ്ധ്യപൂർണ്ണമായ ലോകത്തിലേക്ക് ഒരു യാത്ര. ഇത്തവണ നമുക്ക് നമ്മുടെ ചുറ്റുവട്ടത്തുള്ള കുറച്ചു തവളകളെ പരിചയപ്പെടാം. കേരളം തവളകളുടെ കാര്യത്തിൽ സമ്പന്നമാണ്. ഒന്നും രണ്ടുമല്ല, 130തിലധികം തവളകളാണ് നമ്മുടെ നാട്ടിലുള്ളത്. പശ്ചിമഘട്ടം മുഴുവനെടുത്താൽ ഇരുന്നൂറിലധികം വരും തവളകളുടെ എണ്ണം.**

## നമ്മുടെ തവളകൾ

ജൈവസമ്പന്നതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളവും തവളകളുടെ കാര്യത്തിൽ സമ്പന്നമാണ്. 130 ലധികം ജാതി തവളകളാണ് നമ്മുടെ നാട്ടിലുള്ളത്. പശ്ചിമ ഘട്ടത്തിലാകട്ടെ 201 ലധികവും. നമ്മുടെ നാട്ടിലും കാട്ടിലും കാണപ്പെടുന്ന ചില തവളകളെ പരിചയപ്പെടാം.

### 1.ചൊറിത്തവള Common Indian Toad
*Duttaphrynus melanostictus*

നമ്മുടെ നാട്ടിൽ കാണപ്പെടുന്ന തവളകളിൽ ഏറ്റവും സാധാരണമാണ് ചൊറിത്തവള. മഞ്ഞമുതൽ ഇരുണ്ടനിറത്തിൽ വരെ ചൊറിത്തവളകാണപ്പെടുന്നുണ്ട്. തള്ളിനിൽക്കുന്ന കണ്ണുകളും അവയ്ക്കു മുകളിലൂടെ പോകുന്ന കറുത്തവരയും (Cranial ridge) ഇവയുടെ പ്രത്യേകതകളാണ്. പുറത്ത് രണ്ടു വരികളായി ചെറിയ മുഴകൾ കാണപ്പെടുന്നു. കണ്ണിനു പിന്നിലായി നീളത്തിലുള്ള വിഷഗ്രന്ഥി (Parotid gland) യിൽ നിന്നുള്ള ദ്രാവകം ചേരപോലെയുള്ള ശത്രുക്കളിൽ നിന്നും



Common Indian Toad

രക്ഷപ്പെടുന്നതിനു സഹായിക്കുന്നു. ശബ്ദിക്കുമ്പോൾ കാണാവുന്ന സഞ്ചിയാണ് (Vocal sac)ചൊറിത്തവളയ്ക്കുള്ളത്. കണ്ണിനു പിന്നിലായുള്ള ബാഹ്യകർണസ്തരം (Tympanum) വളരെ വ്യക്തമാണ്. ചൊറിത്തവളയുടെ വിരലുകളുടെ അഗ്രഭാഗത്തിനു കറുപ്പുനിറമാണ്. സന്ധ്യയ്ക്കാണ് ചൊറിത്തവള ഇരതേടിയിറങ്ങുക. ചിലപ്പോൾ വീടിനുള്ളിലേക്കു വരെ കടന്നുവരും. പടിക്കെട്ടുകൾ ചാടിമുകളിലേക്കുവരുന്ന സ്വഭാവവും ചൊറിത്തവളയ്ക്കുണ്ട്. ജൂൺ-ജൂലൈ മാസങ്ങളിലാണ് പ്രധാന പ്രജനനകാലം.

## Skittering frog

*Euphlyctis cyanophlyctis*

നമ്മുടെ നാട്ടിലെ പാടത്തും വെള്ളക്കെട്ടുകളിലുമെല്ലാം സർവസാധാരണയായിക്കാണുന്ന തവളകളിലൊന്ന്. വെള്ളത്തിൽ കിടക്കുമ്പോൾ കണ്ണുകൾ ജലോപരിതലത്തിനു മുകളിലേക്കു തള്ളി നിൽക്കും. നാലും അഞ്ചും തവളകൾ അടങ്ങിയ ചെറിയ ഗ്രൂപ്പുകളായാണ് സാധാരണ കാണപ്പെടുക. ശല്യപ്പെടുത്തിയാൽ പെട്ടെന്നുതന്നെ വെള്ളത്തിനടിയിലേക്ക് ഊളിയിടും. ഉപരിഭാഗത്തെ നിറത്തിന് ചാരംമുതൽ ഒലിവ് പച്ചവരെയുള്ള ഷെയിഡുകളാണുള്ളത്. അതിൽ നിരവധി പുള്ളികളും. ശരീരത്തിന്റെ അടിഭാഗം സാധാരണഗതിയിൽ മുഷിഞ്ഞവെള്ളയായിരിക്കും. ആൺതവളകൾക്ക് വായുടെ ഇരുവശത്തും രണ്ടു ശബ്ദസഞ്ചികളുണ്ടാവും. ഇവയുടെ ശബ്ദം വർഷം മുഴുവനും കേൾക്കാൻ കഴിയും.





Skittering frog



Indian Bull Frog

**ഒലീവ് പച്ചയോ ചാരം കലർന്ന നിറമോ ആണ് വരയൻ തവളകളുടെ ശരീരത്തിന്റെ മുകൾഭാഗത്തിന്. ഇതിൽ ധാരാളം പൊട്ടുകളും കുത്തുകളും ഉണ്ടാകും. പുറത്ത് നീളത്തിലുള്ള തടിപ്പുകൾ കാണാം. പിൻകാൽപാദങ്ങൾ പൂർണമായും ചർമബന്ധിതമാണ്. തവളക്കാലിനു വേണ്ടി വ്യാപകമായി കൊന്നൊടുക്കപ്പെടുന്ന തവളകളിലൊന്നാണിത്.**

## വരയൻ തവള

(Indian Bull Frog - *Hoplabatrachus tigerinus*)

നമ്മുടെ തവളകളിൽ ഏറ്റവും വലുത്. വെള്ളത്തിലും കരയിലും ജീവിക്കുന്നു. പാടങ്ങളിലും കുളങ്ങളിലും അവയ്ക്കു സമീപമുള്ള പ്രദേശങ്ങളിലും ചതുപ്പുകളിലുമാണ് കൂടുതൽ കാണപ്പെടുന്നത്. ശത്രുബാധയുണ്ടായാൽ പെട്ടെന്ന് വെള്ളത്തിലേക്കു ചാടി രക്ഷപ്പെടുന്ന സ്വഭാവം. അതുപോലെതന്നെ ജലസസ്യങ്ങളുടെ ഇടയിൽ മറഞ്ഞിരുന്ന് തലമാത്രം ഉപരിതലത്തിലേക്കു പ്രദർശിപ്പിക്കുന്ന സ്വഭാവവും ഇവയ്ക്കുണ്ട്.

ഒലീവ് പച്ചയോ ചാരം കലർന്ന നിറമോ ആണ് വരയൻ തവളകളുടെ ശരീരത്തിന്റെ മുകൾഭാഗത്തിന്. ഇതിൽ ധാരാളം പൊട്ടുകളും കുത്തുകളും ഉണ്ടാകും. പുറത്ത് നീളത്തിലുള്ള തടിപ്പുകൾ കാണാം. പിൻകാൽപാദങ്ങൾ പൂർണമായും ചർമബന്ധിതമാണ്. തവളക്കാലിനു വേണ്ടി വ്യാപകമായി കൊന്നൊടുക്കപ്പെടുന്ന തവളകളിലൊന്നാണിത്.

## 6.വർണത്തവള

Indian painted Frog, *Kaloula taprobanica*



Indian painted Frog

ചെറിയ വായും നീളമില്ലാത്ത ചുണ്ടും (Snout) ഉള്ള തവള. തവിട്ടുകലർന്ന ഉപരിഭാഗത്ത് ഓറഞ്ച് നിറത്തിലുള്ള പുള്ളികളും പാടുകളും കാണാം. 60 മുതൽ 75 മി. മീ വരെ നീളം വരും ശരീരത്തിന്. വശങ്ങളിൽ വെള്ളനിറത്തിൽ തവിട്ടു കുത്തുകളും പാടുകളുമുണ്ട്. ഏതാണ്ട് ഒരു ഗോളാകൃതിയാണ് ശരീരത്തിന്.

## പശ്ചിമഘട്ടത്തിലെ തവളകൾ

നിരവധി തവളകളുടെ ആവാസകേന്ദ്രമാണ് നമ്മുടെ പശ്ചിമഘട്ടം. അവയിൽ ചിലതിനെ പരിചയപ്പെടാം.

## Dusky Torrent frog

*Micrixalus fuscus*

തവിട്ടുനിറത്തിൽ വിളർത്ത പാടുകളുള്ള ചെറിയ തവള. ശരീരത്തിനു മുപ്പതുമുതൽ മുപ്പത്തിരണ്ട് മി.മീ. വരെ നീളം വരും. മൂക്കിൽ നിന്നും തുടങ്ങി ശരീരത്തിന്റെ പിൻഭാഗം വരെ എത്തുന്ന പാർശ്വമടക്ക് (Lateral glandular fold). ചുണ്ട് കൂർത്തതാണ്. ബാഹ്യകർണ്ണസ്തരവും അതിനടുത്ത മടക്കും വ്യക്തമായി കാണാൻ കഴിയും. പിൻകാലുകളിൽ വരകളുണ്ടാകും. ചർമബന്ധിതമായ പിൻകാൽ വിരലുകൾ. ശരീരത്തിന്റെ അടിഭാഗം വെള്ള നിറത്തിൽ തവിട്ടു പാടുകളോടുകൂടിയതാണ്. സമുദ്രനിരപ്പിൽ നിന്ന് 500 അടിയിലേറെ ഉയരമുള്ള മലമ്പ്രദേശങ്ങളിലാണ് ഈ തവളയെ കാണപ്പെടുന്നത്. പാറകൾ നിറഞ്ഞ, ഒഴുകുന്ന കാട്ടരുവികളാണ് വാസസ്ഥാനം. പശ്ചിമഘട്ടത്തിലെ സ്ഥാനിക (Endemic) തവളകളിലൊന്നാണിത്.



False Hour- glass Frog or yellow Tree Frog



Dusky Torrent frog

## 2. False Hour- glass Frog or yellow Tree Frog

*Polypedates pseudocruciger.*

പശ്ചിമഘട്ടത്തിൽ സാധാരണ കാണപ്പെടുന്ന മരത്തവളകളിൽ ഒന്നാണിത്. ചാരമോ തവിട്ടോ മുഷിഞ്ഞ വെള്ളയോ കലർന്ന ശരീരത്തിന് മണൽഘടികാരത്തിന്റെ ആകൃതിയുള്ളതിനാൽ Hour glass frog മായി തെറ്റിപ്പോകാൻ സാധ്യതയുണ്ട്. എന്നാൽ കാൽപ്പാദവും കാൽത്തണ്ടുമായി ചേരുന്നിടത്തു ചർമത്തിന്റെ അരികുകൾ (Dermal Fringes) ഇവയിൽ വ്യക്തമായി കാണാം. വ്യക്തമായ ബാഹ്യകർണ്ണസ്തരവും ഉപരിഭാഗത്തെ മഞ്ഞപ്പൊട്ടുകളും ഇവയുടെ മറ്റ് പ്രത്യേകതകളാണ്. സമുദ്രനിരപ്പിൽ നിന്ന് 700 മുതൽ 3500 അടിവരെ ഉയരമുള്ള



Kani Bush Frog

**നമ്മുടെ നാട്ടിൽ വളരെ സാധാരണയായി കാണപ്പെടുന്ന മരത്തവള തീരപ്രദേശങ്ങളിലും കാണപ്പെടുന്നു. ചെമ്പിച്ച തവിട്ടുനിറമുള്ള ശരീരത്തിന് 23 മുതൽ 25 വരെ മി. മീ നീളം വരും. കൂർത്ത ചുണ്ടുള്ള ഇവയുടെ നാസാരന്ധ്രങ്ങൾ ചുണ്ടുകൾക്ക് വളരെ അടുത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്. സൂക്ഷിച്ചു നോക്കിയാൽ ത്വക്കിൽ നിരവധി നേർത്ത മുള്ളുകളും കുത്തുകളും കാണാം.**

മലമ്പ്രദേശങ്ങളിലാണ് ഈ തവള കാണപ്പെടുന്നത്. കാടുകളിലെ കുളങ്ങളിലും മഴവെള്ളക്കെട്ടുകളിലുമാണ് പ്രജനനം നിർവഹിക്കുക. മിക്കപ്പോഴും ഇത്തരം ജലസ്രോതസ്സുകൾക്കു സമീപമുള്ള കുറ്റിച്ചെടികളിലോ ചെറുമരങ്ങളിലോ ഇവ ഇരിക്കുന്നുണ്ടാകും. മഴക്കാലത്താണ് പ്രജനനം. മുട്ടയിടുന്നത് കുളങ്ങൾക്കരികിലുള്ള മരങ്ങളുടെ ഇലകളിലോ ചില്ലകളിലോ ആണ്. പശ്ചിമഘട്ടത്തിലെ സ്ഥാനിക(Endemic) തവളകളിലൊന്നാണിത്. 45 മുതൽ 53 മി. മീ വരെ നീളംവരും ശരീരത്തിന്.

## Kani Bush Frog

*Pseudophilautus kani*

നമ്മുടെ നാട്ടിൽ വളരെ സാധാരണയായി കാണപ്പെടുന്ന മരത്തവള. തീരപ്രദേശങ്ങളിലും കാണപ്പെടുന്നു. ചെമ്പിച്ച തവിട്ടുനിറമുള്ള ശരീരത്തിന് 23 മുതൽ 25 വരെ മി. മീ നീളം വരും. കൂർത്ത ചുണ്ടുള്ള ഇവയുടെ നാസാരന്ധ്രങ്ങൾ ചുണ്ടുകൾക്ക് വളരെ അടുത്തായിട്ടാണ് സ്ഥിതിചെയ്യുന്നത്. സൂക്ഷിച്ചു നോക്കിയാൽ ത്വക്കിൽ നിരവധി നേർത്ത മുള്ളുകളും കുത്തുകളും കാണാം. 'V' യോടു സാദൃശ്യമുള്ള അടയാളം തലയുടെ മുകൾഭാഗത്തു കാണാം. പിൻകാലുകളിൽ നേർത്ത ചാരനിറത്തിലുള്ള വരകൾ. വർണവ്യത്യാസം വളരെ സാധാരണമായ തവളയാണിത്. സന്ധ്യമയങ്ങുന്നതോടെ കുറ്റിച്ചെടികൾക്കിടയിൽ നിന്നും ഇവയുടെ വിളികേൾക്കാം. മഴക്കാലത്ത് കൂടുതൽ ശബ്ദിക്കുമ്പോൾ തവളകളുടെ ശബ്ദസഞ്ചി (Vocal sac) നന്നായി കാണാൻ കഴിയും.

**തിരുത്ത്**

കഴിഞ്ഞ ലക്കത്തിൽ ആദ്യകാല ഉഭയജീവികളുടെ പേര് Ichthyostega എന്നു കൊടുത്തിരുന്നത് Ichthyostegids എന്നു തിരുത്തി വായിക്കേണ്ടതാണ്. തെക്കേ അമേരിക്കയിലെ വിഷത്തവളകളുടെ വിഷം അമ്പായി ഉപയോഗിച്ചു എന്നത് വിഷം അമ്പിൽ പുരട്ടി ഉപയോഗിച്ചിരുന്നു എന്നും തിരുത്തി വായിക്കണം. തെറ്റു പറ്റിയതിൽ ഖേദിക്കുന്നു. - എഡിറ്റർ

# വലിയ കുട്ട്യോളും ചെറിയ കുട്ട്യോളും

**അഖിൽ എം എസ്**

വലിയ കുട്ട്യോളും ചെറിയ കുട്ട്യോളും തമ്മിൽ എന്താ വ്യത്യാസം?

കുട്ടി ആ ദിവസം മുഴുവൻ അതേപ്പറ്റി ചിന്തിച്ചു.

വലിയ കുട്ട്യോളാണ് ക്ലാസ്സു മുഴുവൻ. അതിൽ ഏറ്റവും ചെറുത് അവനായിരുന്നു. ക്ലാസ്സിലെ കുട്ട്യോളവനെ അത്ഭുതത്തോടെ നോക്കും. ''നീയെന്താ ഇത്ര ചെറുതായേ?''

ചെറിയ കുട്ടി തന്റെ കുഞ്ഞുകണ്ണുകൾകൊണ്ട് അവരെ നോക്കും.

എന്നിട്ട് 'എനിക്കറിയൂല്ലല്ലോ' എന്ന് നിഷ്കളങ്കമായി മറുപടി പറയും.

താൻ ഒരു ഇത്തിരിപ്പോന്ന കുട്ടിയാണെന്ന് അവനു തോന്നിയിട്ടില്ല.

വീട്ടിലാരും അങ്ങനെ വിളിച്ചിട്ടുകൂടിയില്ല.

പക്ഷേ തന്റെ വിരലുകളും കാലുകളും ഒക്കെ ചെറുതാണെന്നു കുട്ടിക്കറിയാം.

അതിനെന്താ, ഇത്രേം ഭംഗിയുള്ള ഒരു ലോകത്ത് ജീവിക്കാൻ പറ്റുന്നല്ലോ.. അതുകൊണ്ടവൻ

അതൊന്നും ശ്രദ്ധിച്ചതേയില്ല.

ചെറിയ കുട്ടി എപ്പോഴും പുഞ്ചിരിച്ചുകൊണ്ടിരുന്നു.

''നിങ്ങളെന്തിനാ കളിയാക്കുന്നേ... എനിക്കൊരിക്കലും വലുതാകാൻ പറ്റില്ല. പക്ഷേ ഒരു കുന്നോളം സ്നേഹിക്കാൻ പറ്റും.''

കുട്ടി അവരോടൊക്കെ പറയും.

എന്നിട്ടും ചില വലിയ കുട്ടികൾ അവനെ കുള്ളൻ കുള്ളൻ എന്നു വിളിക്കും.

''എന്തിനാ എന്നെ അങ്ങനെ വിളിക്കുന്നേ''

അവർ മറുപടി പറയും. ''നീ ചെറുതായത് കൊണ്ട്''

''ചെറുതായതു കൊണ്ട് എന്നെ കൂട്ടത്തിൽ ചേർത്തൂടേ?''

അവന്റെ നിഷ്കളങ്കമായ ചോദ്യത്തിന് അവർക്കുത്തരമുണ്ടായില്ല.

അന്നുമുതൽ ചെറിയ കുട്ടിയെ വലിയ കുട്ടികൾ സ്നേഹിച്ചുതുടങ്ങി...

അന്നു രാത്രി അവൻ അമ്മയോടു ചോദിച്ചു.

''ഞാൻ ചെറുതായത് കൊണ്ട് ഇനീം ആളുകൾ കളിയാക്കുമോ?''

അമ്മ അവന്റെ തുടുത്ത കവിളുകളിൽ തലോടിക്കൊണ്ടു പറഞ്ഞു. ''എന്റെ കുട്ടൻ കളിയാക്കലും വിഷമോം ഒക്കെ ക്ഷമിച്ചു കൊടുത്തില്ലേ. ഞാൻ ചെറുതാണെങ്കിലും എനിക്ക് സ്നേഹിക്കാനും ക്ഷമിക്കാനും ഒരുപാട് ഉയരമുള്ള ഒരു ഹൃദയം ഉണ്ടെന്ന് അവരോടു പറയണം.'' കുട്ടി അന്ന് രാത്രി അമ്മയുടെ മടിയിൽ തലചായ്ച്ചു സുഖമായുറങ്ങി.



വര: സചീന്ദ്രൻ കാറഡ്ക്ക

# അരിസ്റ്റോട്ടിൽ മണ്ടനോ മിടുക്കനോ?


## പ്രൊഫ. എസ് ശിവദാസ്

മാമാ, ഇവിടെ ഞങ്ങൾ കൂട്ടുകാർ തമ്മിൽ ഒരു തർക്കം. അരിസ്റ്റോട്ടിൽ മഹാനായ ഒരാൾ ആയിരുന്നു. വലിയ ശാസ്ത്രജ്ഞനുമായിരുന്നു എന്ന് ഒരു കൂട്ടർ. എന്നാൽ പെണ്ണുങ്ങൾക്ക് ആണുങ്ങളെക്കാൾ പല്ലു കുറവാണ് എന്നു പറഞ്ഞ അദ്ദേഹം ഒരു വിഡ്ഢിയാണെന്നു ഞങ്ങൾ. ഈ വിഷയം ക്ലാസ്സിലൊരു സംവാദമാക്കാനാണ് ഇപ്പോൾ പ്ലാൻ. മാമനൊന്നു സഹായിക്കണം. ഞങ്ങളുടെ ഭാഗത്തുനിന്നു വാദമുഖങ്ങൾ പറഞ്ഞുതരാമോ?

ഒരു കാന്താരിക്കുട്ടിയുടെ കത്തു കണ്ടോ? മാമനു സന്തോഷമായി. തർക്കമുണ്ടായതിലാണ് വലിയ സന്തോഷം. ചിന്തിക്കുമ്പോഴല്ലേ തർക്കമുണ്ടാവുക? ചിന്തിക്കാൻ വിഷയം വേണം. വിവരം വേണം. അതിനു വായിക്കണം. പഠിക്കണം. അങ്ങനെ ചിലതൊക്കെ കൂട്ടുകാർ വായിച്ചതുകൊണ്ടല്ലേ അരിസ്റ്റോട്ടിലിനെപ്പറ്റിയും സംസാരിക്കേണ്ടിവന്നത്. എല്ലാ കൂട്ടുകാരും ഇങ്ങനെ വിവിധങ്ങളായ വിഷയങ്ങളെപ്പറ്റി വായിക്കുക. അറിവുകൾ നേടുക. ചിന്തിക്കുക. തർക്കിക്കാനും തയ്യാറാവുക.

തർക്കം നല്ലതാണ്.

വര: അനിഷ തമ്പി



സംവാദം നല്ലതാണ്. തർക്കിക്കുമ്പോൾ ആശയങ്ങൾ ഉയരും. ഉരസും. അപ്പോൾ പുതിയ ആശയങ്ങളുടെ തീപ്പൊരികൾ ഉണ്ടാകും. ആശയത്തീപ്പൊരികൾക്കു വെളിച്ചമുണ്ടായിരിക്കും. അറിവിന്റെ, തിരിച്ചറിവിന്റെ, കണ്ടെത്തലിന്റെ വെളിച്ചം. ആ വെളിച്ചം നമുക്കു ശരിയായ സത്യം കാണിച്ചു തരുന്നു. ശരിയായ വസ്തുത മനസ്സിലാക്കിത്തരുന്നു. അതിനാൽ എല്ലാ കൂട്ടുകാരും സംവാദത്തിലും പങ്കെടുക്കണം. കാര്യങ്ങൾ പഠിച്ചു നിങ്ങളുടെ വാദമുഖങ്ങൾ അവതരിപ്പിക്കണം. അങ്ങനെ മാത്രമേ പഠനം പൂർണമാകൂ. പഠനത്തിലൂടെയേ പക്വത കൈവരൂ. ആത്മവിശ്വാസം ലഭിക്കൂ. ആശയവിനിമയ ശേഷിയുമുണ്ടാകൂ.

ഇനി അരിസ്റ്റോട്ടിലിനെപ്പറ്റി അല്പംമാത്രം പറയാം. ഓർക്കുക: അരിസ്റ്റോട്ടിൽ അന്തരിച്ചിട്ടു തന്നെ ഏകദേശം രണ്ടായിരത്തിഅഞ്ഞൂറു വർഷങ്ങളായി. അത്രയേറെ വർഷങ്ങൾ കഴിഞ്ഞിട്ടും അദ്ദേഹത്തെപ്പറ്റി നാം ചിന്തിക്കുന്നു. തർക്കിക്കുന്നു എന്നുള്ളതുതന്നെ തെളിയിക്കുന്നതെന്താണ്? അദ്ദേഹത്തിന്റെ സ്വാധീനം തന്നെ. വിജ്ഞാനത്തിന്റെ സമസ്തമണ്ഡലങ്ങളിലും വ്യാപരിച്ച ഒരു പ്രതിഭാശാലിയായിരുന്നു അരിസ്റ്റോട്ടിൽ. പതിനേഴാം വയസ്സിൽ അന്നത്തെ വിജ്ഞാനകേന്ദ്രമായ ആതൻസിലെത്തി പ്ലേറ്റോയുടെ ശിഷ്യനായി. പിന്നെ പ്ലേറ്റോയുടെ വിദ്യാലയത്തിലെ അധ്യാപകനായി വളർന്നുവളർന്ന് അവസാനം പ്ലേറ്റോയിലും വലിയ ആചാര്യനായി അരിസ്റ്റോട്ടിൽ. തത്ത്വശാസ്ത്രം മുതൽ പ്രകൃതിശാസ്ത്രം വരെ അദ്ദേഹം പഠിച്ചു. പഠിപ്പിച്ചു. 'ചരിത്രത്തിലെ ആദ്യത്തെ യഥാർത്ഥ ശാസ്ത്രജ്ഞൻ' എന്നാണ് എൻസൈക്ലോപീഡിയ ബ്രിട്ടാണിക്ക അദ്ദേഹത്തെ

**അക്കാലത്തെ ആണുങ്ങളുടെ (പെണ്ണുങ്ങളുടെയും?) ഒരു വിശ്വാസമായിരുന്നു പെണ്ണുങ്ങൾ ആണുങ്ങൾക്കൊപ്പം വരില്ലെന്ന്. അപ്പോൾ പെണ്ണുങ്ങൾക്ക് എന്തെങ്കിലും ഒരു കുറവു കാണണം. അങ്ങനെ ചിന്തിച്ച് പല്ലുകൾ കുറവാണ് എന്ന് ഊഹിച്ചു. അതിൽ അദ്ദേഹത്തിനു തെറ്റുപറ്റി. സ്വന്തം ഭാര്യയുടെയെങ്കിലും വായ പൊളിപ്പിച്ചു പല്ലുകൾ എണ്ണണമായിരുന്നു.**

ക്കുറിച്ചു പറയുന്നത്. ആദ്യത്തെ ജീവശാസ്ത്രജ്ഞരിലൊരാളായി അദ്ദേഹത്തെ കാണാം. അനേകം സസ്യങ്ങളെയും ജന്തുക്കളെയും അദ്ദേഹം നിരീക്ഷിച്ചു പഠിച്ചു. ഏകദേശം അഞ്ഞൂറോളം സ്പീഷിസുകളെക്കുറിച്ചു പഠിച്ച് ജീവികളുടെ വർഗീകരണത്തിന് ശാസ്ത്രീയമായ അടിത്തറയുണ്ടാക്കി അദ്ദേഹം.

അക്കാലത്തെ ആണുങ്ങളുടെ (പെണ്ണുങ്ങളുടെയും?) ഒരു വിശ്വാസമായിരുന്നു പെണ്ണുങ്ങൾ ആണുങ്ങൾക്കൊപ്പം വരില്ലെന്ന്. അപ്പോൾ പെണ്ണുങ്ങൾക്ക് എന്തെങ്കിലും ഒരു കുറവു കാണണം. അങ്ങനെ ചിന്തിച്ച് പല്ലുകൾ കുറവാണ് എന്നങ്ങ് ഊഹിച്ചു. അതിൽ അദ്ദേഹത്തിനു തെറ്റുപറ്റി. സ്വന്തം ഭാര്യയുടെയെങ്കിലും വായ പൊളിപ്പിച്ചു പല്ലുകൾ എണ്ണണമായിരുന്നു. എന്തോ അദ്ദേഹം അതിനു മുതിർന്നില്ല. അതിനാൽ അദ്ദേഹത്തിനു വലിയ തെറ്റുപറ്റി. എന്നു വച്ച് അദ്ദേഹം മണ്ടനാണ് എന്നു വാദിക്കണോ? വേണ്ട. മറിച്ച് അതിൽ നിന്നും പോസിറ്റീവായ നിഗമനമാണ് ഉണ്ടാക്കേണ്ടത്. ആയിരത്തോളം ഗ്രന്ഥങ്ങൾ എഴുതിയ മഹാപണ്ഡിതനും തെറ്റുപറ്റാം എന്നതാണ് ആ നിഗമനം. നമുക്ക് ആ തെറ്റ് അങ്ങു ക്ഷമിച്ചുകളയാം. ആ അപ്പൂപ്പനോട് അങ്ങനെ ഒരു സൗമനസ്യം കാണിക്കാൻ സ്നേഹക്കുട്ടികളായ എല്ലാവരും തയ്യാറാകൂ.

അരിസ്റ്റോട്ടിലിന്റെ കഥ എത്ര ആവേശകരം! പഠിച്ചു പഠിച്ച് മഹാഗുരുവാകുക. ആ മഹാഗുരുവിന്റെ മഹത്വം മനസ്സിലാക്കി ഫിലിപ്പ് രാജാവ് അദ്ദേഹത്തെ തന്റെ മകന്റെ ഗുരുവാക്കി. ആ മകൻ അരിസ്റ്റോട്ടിലിന്റെ ക്ലാസ്സു കേട്ടു വളർന്നുയർന്ന് അവസാനം മഹാനായ അലക്സാണ്ടറുമായി! കണ്ടോ അറിവിന്റെ ശക്തി. ഇത്തരം മഹാഗുരുക്കന്മാരുടെ വിജ്ഞാനലോകത്തെ തപസ്സാണ് ഇന്നത്തെ അറിവിന്റെ സമൂഹത്തെ സൃഷ്ടിച്ചതെന്ന കാര്യവും മറക്കേണ്ട.



# കാക്കയും കുറുക്കനും

(ജാതകകഥ)

ചിത്രീകരണം വെങ്കി


36

ബോധിസത്വൻ ഒരിക്കൽ ഒരു വൃക്ഷദേവതയായി ജനിച്ചു, ഹിമാലയത്തിന്റെ താഴ്‌വാരത്ത് ഒരു അത്തിമരത്തിന്റെ രൂപത്തിൽ.



അത്തിപ്പഴങ്ങൾ പഴുത്തുതുടങ്ങിയപ്പോൾ ഒരു കാക്ക അവിടെ താമസമാക്കി. സന്തോഷത്തോടെ പഴങ്ങൾ തിന്ന് തുള്ളിച്ചാടി നടന്നു ആ കാക്ക.

വിശന്നുവലഞ്ഞ ഒരു കുറുക്കൻ അവിടെ എത്തിപ്പെട്ടത് ഈ അത്തപ്പഴങ്ങൾ കണ്ടുകൊണ്ടാണ്. 'ഈ പഴങ്ങൾ കിട്ടിയിരുന്നെങ്കിൽ... പക്ഷേ മരത്തിലുള്ള പഴങ്ങൾ എങ്ങനെ കിട്ടും?' കാ, കാ എന്ന ഒച്ചകൂട്ടി മരത്തിലിരിക്കുന്ന കാക്കയെ അപ്പോഴാണ് അവൾ ശ്രദ്ധിക്കുന്നത്. 'ഇവനെ ഒന്നു പുകഴ്ത്തി നോക്കിയാലോ? ചിലപ്പോൾ കാര്യം നടന്നേക്കും.' അവൾ കരുതി.
'അല്ലയോ കാക്കേ, താങ്കളുടെ പാട്ട് എത്ര മനോഹരമാണ്. താങ്കളെപ്പോലെ ഭംഗിയുള്ള ഒരു പക്ഷിയെ ഞാനീ കാട്ടിലെങ്ങും കണ്ടിട്ടില്ല. വീണ്ടും ഒന്നു പാടുമോ? ഒന്നു കേൾക്കാമല്ലോ..'



കാക്കയ്ക്ക് അത്ഭുതമായി. തന്നെ ഈ കാട്ടിലാരും ഇതുവരെ ഇങ്ങനെ പുകഴ്ത്തി സംസാരിച്ചിട്ടില്ല. 'ഈ കുറുക്കനെ കണ്ടിട്ട് ആകെ വിശന്നുവലഞ്ഞ പോലുണ്ട്. ഇവൾക്കു കുറച്ച് അത്തിപ്പഴങ്ങൾ കൊത്തിയിട്ടു കൊടുക്കാം.' കാക്ക കരുതി.





‘അല്ലയോ ഭവതീ, മറ്റുള്ളവരുടെ കഴിവുകൾ മനസ്സിലാക്കാൻ നല്ല മിടുക്കുള്ളവർക്കേ കഴിയൂ.. ഇതാ, ഈ അത്തിപ്പഴങ്ങൾ സ്വീകരിച്ചാലും.’ അങ്ങേയറ്റം വിനയം ഭാവിച്ച് കാക്ക പറഞ്ഞു.

പരസ്പരം പുകഴ്ത്തൽ പക്ഷേ അവിടം കൊണ്ടവസാനിച്ചില്ല. ഇല്ലാത്ത ഗുണഗണങ്ങൾ കൊണ്ട് പരസ്പരം പ്രശംസിച്ച് അവർ സ്വയം പുളകിതരായി നേരം കഴിച്ചു.


സൂത്രങ്ങൾ കൊണ്ടു കാര്യം നേടുന്ന കുറുക്കന്റെയും ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്നു ഭാവിക്കുന്ന കാക്കയുടെയും സംസാരം വൃക്ഷദേവതയായ ബോധിസത്വനു തീരെ രസിച്ചില്ല.

തന്റെ ശിഖരങ്ങൾ ഒന്നു കുലുക്കിക്കൊണ്ട് വൃക്ഷം ഇരുവരോടുമായി പറഞ്ഞു.

‘നാണമാവില്ലേ നിങ്ങൾക്കിങ്ങനെ ഇല്ലാവചനങ്ങൾ മൊഴിയാൻ? സ്വന്തം കഴിവുകളെക്കുറിച്ച് ആദ്യം ബോധ്യമുണ്ടാവണം. പുകഴ്ത്തൽ കേൾക്കാൻവേണ്ടി മറ്റുള്ളവരെ സഹായിക്കുന്നതും ഇല്ലാക്കാര്യങ്ങൾ പറഞ്ഞു മറ്റുള്ളവരെ പുകഴ്ത്തി കാര്യം നേടുന്നതും അങ്ങേയറ്റം മോശമായ കാര്യമാണ്. ’



സ്വന്തം തെറ്റുകൾ ബോധ്യമായ കുറുക്കനും കാക്കയും ലജ്ജിച്ചു തലതാഴ്ത്തി അവിടം വിട്ടുപോയി.






വര: സുധീർ പി വൈ

# ഇബിലീസ്

39

**രാജൻ കോട്ടപ്പുറം**

വെയിലത്ത് ഉണക്കാനിട്ടിരുന്ന വിറകുകൾ അടുക്കിവയ്ക്കുകയായിരുന്നു മുല്ല. വഴിയരികിലൂടെ തലപ്പാവുധരിച്ച് മിന്നുന്ന സ്വർണ്ണക്കുപ്പായമിട്ട് ധനികൻ നടന്നുനീങ്ങുന്നത് മുല്ല കണ്ടു. വലിയ പണക്കാരനാണെങ്കിലും സാധുക്കൾക്ക് ഒരു ഗുണവും ചെയ്യാത്ത പരമദുഷ്ടനായിരുന്നു അയാൾ. നാട്ടിലുള്ളവർക്കൊക്കെ അയാളോടു വെറുപ്പായിരുന്നു.

പെട്ടെന്നാണ് ധനികൻ മുല്ലായെ കണ്ടത് . അയാൾ മുല്ലയുടെ അടുക്കൽ ഓടിയെത്തി. ''ഒത്തിരിനാളായല്ലോ മുല്ലാ കണ്ടിട്ട്. എന്തു പറയണ് മുല്ലാ? നമ്മളൊരു കാര്യം കേട്ടത് ശര്യാണോ?''.

ധനികൻ തന്നെ പരിഹസിക്കാനുള്ള പുറപ്പാടാണെന്നു മുല്ലായ്ക്കു വേഗം പിടികിട്ടി.

''എന്താ നിങ്ങള് കേട്ടത്?''

''നിങ്ങള് ചെകുത്താൻന്ന് പറയണ ഇബിലീസായിട്ട് നല്ല ലോഹ്യത്തിലാണെന്ന് കേട്ട്.. ചെകുത്താനുമായി കൂട്ടുകൂടി നടന്ന് നമ്മളെയൊക്കെ നിങ്ങള് മറന്നാ. നിങ്ങള് തമ്മില് എപ്പോഴും കണ്ടു മുട്ടുന്ന കൂട്ടുകാരാണെന്ന് കേട്ടതോണ്ട് ചോദിക്കേണ്. ഈ ചെകുത്താൻ പഹയനെ കണ്ടാൽ ഏതു പോലിരിക്കും. കണ്ടാ നമുക്കും ഒന്നു മനസ്സിലാക്കാലോ...''

''കേട്ടത് ശര്യാ... ഞാനിപ്പോ കാണിച്ചുതരാം.''

അമ്പിന്റെ വേഗത്തിൽ വീടിനകത്തേക്കുപാഞ്ഞു മുല്ലാ. കൈയിൽ ഒരു കടലാസുപൊതിയുമായി മടങ്ങിവന്നു. പൊതിയഴിച്ച് സാധനം പുറത്തെടുത്ത് ധനികന്റെ നേരെ പിടിച്ചു.

''ദേ ചെകുത്താൻ ഇതുപോലിരിക്കും...''

ധനികന്റെ നേരെ കണ്ണാടി പിടിച്ച് ചിരിച്ചുനിന്നു മുല്ലാ.

*(കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന 'അതിരസികൻ മുല്ലാക്കഥകൾ' എന്ന പുസ്തകത്തിൽ നിന്ന് എടുത്തത്)*

# അസ്ഥികളുടെ ഒടിവിനു നൽകേണ്ട പ്രഥമശുശ്രൂഷ

ഡോ. ബി പത്മകുമാർ

മഴപെയ്യുമ്പോൾ വെള്ളം തട്ടിത്തെറിപ്പിച്ചുകൊണ്ടു മുറ്റത്തും പറമ്പിലുമൊക്കെ ഓടിനടക്കാൻ കൂട്ടുകാർക്കു വലിയ ഇഷ്ടമായിരിക്കും. കളിയൊക്കെ കൊള്ളാം. പക്ഷേ കാലുതെറ്റിയാൽ കൈയും കാലും ഒടിയാതെ സൂക്ഷിക്കണമെന്നുമാത്രം. മഴക്കാലത്താണു വഴുതിവീണ് ഉളുക്കും ഒടിവുമൊക്കെയായി കൂടുതൽപേർ ആശുപത്രികളിലെത്തുന്നത്.



നമ്മുടെ ശരീരത്തിൽ ചെറുതും വലുതുമായി 206 അസ്ഥികളാണുള്ളത്. ശരീരത്തിനു രൂപഭംഗിയും ചലനശേഷിയും നൽകുന്നവയാണ് ഈ അസ്ഥികൾ. റോഡപകടത്തിൽ പരിക്കുപറ്റുമ്പോഴും കാലുതെറ്റി വീഴുമ്പോഴുമൊക്കെ അസ്ഥികൾക്ക് ഒടിവുണ്ടാകാം. അതിവേദനയുണ്ടാക്കുന്ന പരിക്കാണ് അസ്ഥികളുടെ ഒടിവുകൾ. പലപ്പോഴും ഇവ ഗുരുതരവുമാകാം. അസ്ഥിയുടെ പൊട്ടലുകൾ കൂടുതൽ സങ്കീർണമാകാതിരിക്കാൻ യഥാസമയം നൽകുന്ന പ്രഥമശുശ്രൂഷ സഹായിക്കും.

## അസ്ഥികളുടെ ഒടിവുകൾ

ഒടിവുകൾ പ്രധാനമായും രണ്ടുതരത്തിലുണ്ട്. ലഘുവായ ഒടിവുകളും സങ്കീർണമായ ഒടിവുകളും. അസ്ഥികൾ ഒടിഞ്ഞാലും തൊലിക്കടിയിൽ തന്നെ സ്ഥിതിചെയ്യുന്ന അവസ്ഥയാണ് ലഘുവായ ഒടിവുകൾ. ഈ ഒടിവുകൾ താരതമ്യേന അപകടസാധ്യത കുറഞ്ഞവയാണ്. അന്തരീക്ഷവുമായും പൊടിപടലങ്ങളുമായും എല്ലുകൾക്കു ബന്ധമുണ്ടാകാത്തതു കാരണം രോഗാണുബാധയ്ക്കുള്ള സാധ്യത കുറവാണ്.

എന്നാൽ സങ്കീർണമായ ഒടിവുകളുണ്ടാകുമ്പോൾ ഒടിഞ്ഞ എല്ലിന്റെ അഗ്രം തൊലി തുളച്ചു പുറത്തുവരുന്നു. ഇങ്ങനെയുള്ളപ്പോൾ മുറിവിൽ രോഗാണുബാധ ഉണ്ടാകാനുള്ള സാധ്യതയേറെയാണ്. കൂടാതെ ഒടിഞ്ഞ എല്ലിന്റെ കൂർത്തഅറ്റം കൊണ്ടു സമീപത്തുള്ള പേശികൾക്കും രക്തക്കുഴലുകൾക്കുമൊക്കെ പരിക്കുപറ്റാനുമിടയുണ്ട്.

## ഒടിവിന്റെ ലക്ഷണങ്ങൾ

പരിക്കുപറ്റുമ്പോൾ അസ്ഥികൾക്ക് ഒടിവുണ്ടായോ എന്ന് എങ്ങനെയാണ് തിരിച്ചറിയുന്നത്? എല്ലിൽ പൊട്ടലുണ്ടാകുമ്പോൾ പരിക്കേറ്റ ഭാഗത്തു പെട്ടെന്നുതന്നെ നീരും വീക്കവും അതിവേദനയും ഉണ്ടാകും. കൈയുടെയോ കാലിന്റെയോ അസ്ഥാനത്തുള്ള വളവുകൾ, ആകൃതിയിലുള്ള മാറ്റം, സ്വന്തമായി കൈകാലുകൾ അനക്കാനുള്ള കഴിവില്ലായ്മ, വളവുണ്ടായ ഭാഗങ്ങളിൽ തൊട്ടുനോക്കുമ്പോൾ അസഹ്യമായ വേദന എന്നിവയൊക്കെ ഒടിവിന്റെ ലക്ഷണങ്ങളാണ്.

## ഒടിവുണ്ടായാൽ എന്തുചെയ്യണം?

ആരെങ്കിലും വീണു പരിക്കുപറ്റിയാൽ കൈയുംകെട്ടി നോക്കിനിൽക്കാതെ ഓടിച്ചെന്ന് ആവശ്യമായ പ്രാഥമികശുശ്രൂഷ നൽകാൻ കൂട്ടുകാർക്കു കഴിയണം. പ്രധാനമായും നമ്മൾ ശ്രദ്ധിക്കേണ്ടത് ഒടിഞ്ഞഭാഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അതീവ ജാഗ്രത ഉണ്ടായിരിക്കണം എന്നതാണ്. ലഘുവായ ഒടിവുകൾ സങ്കീർണമാകാതെ നോക്കണം. ഒപ്പം രോഗിക്കുണ്ടാകുന്ന അസഹ്യമായ വേദന കുറയ്ക്കാനും കഴിയണം. ഒടിവുള്ള ഭാഗത്തു മണ്ണും



വര: ടിആർ രാജേഷ്



ചെളിയുമൊക്കെ പറ്റിയിരുന്നു രോഗാണുബാധ ഉണ്ടാകാതെയും നോക്കണം.

ഒടിഞ്ഞ എല്ലിന്റെ ഭാഗങ്ങൾ ഇളകി അടുത്തുള്ള ശരീരഭാഗങ്ങൾക്കും പേശികൾക്കും രക്തക്കുഴലുകൾക്കുമൊക്കെ പരിക്കേൽപ്പിക്കാതെ നോക്കണം. ഇതിനായി ഒടിഞ്ഞ അസ്ഥിയുടെ മുകളിലും താഴെയുമായി രണ്ടുകമ്പുകൾ അല്ലെങ്കിൽ മുളക്കഷ്ണങ്ങൾ വെച്ചുകെട്ടണം. അപ്പോൾ ഒടിഞ്ഞ അസ്ഥിയുടെ ഭാഗങ്ങൾ അനങ്ങാതെയിരിക്കും. ഒടിഞ്ഞഭാഗം തൂക്കിയിടാനനുവദിച്ചാൽ രോഗിക്ക് അസഹ്യമായ വേദനയുണ്ടായെന്നു വരും. അതുകൊണ്ടു തോർത്തോ മുണ്ടോ നീളമുള്ള തുണിയോ ഉപയോഗിച്ച് ഒരു സ്ലിംഗ് ഉണ്ടാക്കി ഒടിഞ്ഞ കൈ സ്ലിംഗിൽ വിശ്രമിക്കാൻ അനുവദിക്കണം. ഇത് രോഗിക്കു വേദന കുറയ്ക്കും, ആശ്വാസവും ലഭിക്കും.

കൂടുതൽ വിശദമായ പരിശോധനയ്ക്കായി രോഗിയെ ആശുപത്രിയിലെത്തിക്കാൻ കഴിയണം.

കൈകാലുകൾക്കേൽക്കുന്ന പരിക്കുകൾ നിസ്സാരമായി കാണരുത്. ഉചിതമായ പ്രഥമശുശ്രൂഷ ജീവൻ തന്നെ രക്ഷിക്കാൻ സഹായകമാകും.

## നട്ടെല്ലിനേൽക്കുന്ന പരിക്കുകൾ

മരത്തിൽനിന്നും കെട്ടിടത്തിന്റെ മുകളിൽനിന്നുമൊക്കെ വീഴുന്നതു നട്ടെല്ലിൽ പരിക്കുണ്ടാക്കും. നട്ടെല്ലിനു ക്ഷതമേറ്റയാളെ കൈകാര്യം ചെയ്യുമ്പോൾ അതീവശ്രദ്ധ ഉണ്ടായിരിക്കണം കശേരുകൾക്കു സ്ഥാനം തെറ്റി സുഷുമ്നാനാഡിക്കു സമ്മർദ്ദം ഏൽപ്പിക്കാതെയിരിക്കാനാണിത്. ഒരു പലകയോ കട്ടിയുള്ള ഷീറ്റോ സംഘടിപ്പിച്ചു വീണയാളിന്റെ അടുത്തായി നീട്ടിയിടുക. രോഗിയുടെ നട്ടെല്ലു വളയാതെ സാവധാനം രണ്ടുപേർ ചേർന്നു തലയുടെ ഭാഗത്തും കാലിന്റെ ഭാഗത്തും താങ്ങി പലകയിലേക്കു മാറ്റണം. തുടർന്ന് എത്രയും വേഗം ആശുപത്രിയിൽ എത്തിക്കണം.

# മഹാഭാരതം

സുഗതകുമാരി

കുറെ ചെന്നപ്പോൾ പൊന്തുന്ന പൊടിപടലങ്ങൾ കാണായി. ആയുധപാണികളായ ഒരു വലിയ സൈന്യം നടന്നുനീങ്ങുന്നതും അവർക്കിടയിൽ ധൗമ്യൻ മന്ത്രങ്ങൾ ജപിച്ചുകൊണ്ടു നടക്കുന്നതും കാണായി. 'ജയദ്രഥാ, നിൽക്ക് നിൽക്ക്!' എന്നു ഭീമാർജുനന്മാർ ഗർജിക്കുന്നതു കേൾക്കായി. തേരുകളുടെ വരവ് ദൂരത്തുനിന്നുകണ്ട ജയദ്രഥൻ തന്റെ തേരിൽ ഭയഹീനയായി ഇരിക്കുന്ന കൃഷ്ണയെ ഭയത്തോടെ നോക്കി ചോദിച്ചു. 'ദ്രൗപദീ, അതാ അഞ്ചു തേരുകൾ പറന്നെത്തുന്നു. ആരൊക്കെയാണവർ? പറഞ്ഞുതരൂ.'

പാഞ്ചാലി പുഞ്ചിരി തൂകി. 'ആയുസ്സറ്റ നീ എന്തിനായി ആ വീരന്മാരെ അറിയുന്നു? എങ്കിലും ഞാൻ പറയാം. ചാവാൻ പോകുന്നവൻ ചോദിക്കുന്നതു പറയണമല്ലോ. അതാ സ്വർണാഭനായി ഉയർന്ന നാസികയും നീണ്ടുവിരിഞ്ഞ കണ്ണുകളുമായി മുമ്പേവരുന്ന തേരിൽ സഗൗരവം നിൽക്കുന്ന ആളത്രേ യുധിഷ്ഠിരൻ, ധർമമൂർത്തിയായ ജ്യേഷ്ഠ പാണ്ഡവൻ. മൂഢ, കൈകൂപ്പി ശരണം ചോദിച്ചാൽ കൃപാനിധിയായ അദ്ദേഹം നിനക്കു പ്രാണൻ തിരിച്ചു നൽകാതിരിക്കില്ല. അത്രയ്ക്കു മഹാനാണ് എന്റെ കാന്തനായ യുധിഷ്ഠിരൻ.

അതാ പൊൻപനപോലെ വളർന്ന് മഹാഭുജനായി പുരികംവളച്ച് ചുണ്ടുകടിച്ച് ഭയങ്കരനായി ഗദയോങ്ങിവരുന്ന ആ ഗംഭീരപുരുഷനാണ് ഭീമസേനൻ, അമാനുഷകർമങ്ങൾ ചെയ്യുന്ന ഇദ്ദേഹം ശത്രുവിനെ കൊന്നൊടുക്കിയാൽപോലും ശാന്തനാവുന്നവനല്ല.

അതാ അഗ്നിതുല്യം തേജസ്വിയായി, ദേവരൂപനായി, കൊടുംവില്ലു കുലയേറ്റി കുതിച്ചെത്തുന്ന ആ വീരാധിവീരനാണ് അർജുനൻ.

ജ്യേഷ്ഠപാണ്ഡവന്മാർ പ്രിയത്തോടെ കാക്കുന്ന സുന്ദരന്മാരും വീരന്മാരും ബുദ്ധിമാന്മാരുമായ നകുലസഹദേവന്മാർ അതാ വരുന്നു! വാളുലച്ചുകൊണ്ടുവരുന്ന ആ രണശൂരന്മാരിൽ ഇളയവൻ കുന്തീദേവിക്കു പ്രാണതുല്യനാണ്. മൂഢാ, നോക്കിക്കണ്ടുകൊള്ളൂ, എന്റെ രക്ഷകരെ!'

ഇതിനിടയിൽ അസ്ത്രവർഷം പൊഴിച്ച് ജയദ്രഥസേനയെ തടഞ്ഞുനിർത്തി തകർത്തു തുടങ്ങിക്കഴിഞ്ഞു പാണ്ഡവന്മാർ. കൂട്ടുകാരായ രാജാക്കന്മാരുമൊത്ത് ജയദ്രഥൻ പോരിനൊരുങ്ങി തിരിഞ്ഞുനിന്നു. ഭയങ്കരമായ യുദ്ധം നടന്നു. ഗദയുമായി തേരിൽ നിന്നു ചാടിയിറങ്ങി പടയെ അടിച്ചുതകർത്തുകൊണ്ടു മുന്നേറുന്ന ഭീമനും കൂരമ്പുകളാൽ രക്ഷിസേനയെ തകർത്ത് ജയദ്രഥനോട് അടുക്കുന്ന അർജുനനും വില്ലേന്തിയ യുധിഷ്ഠിരനും വാളുമായി ചാടിയിറങ്ങി വെട്ടിവെട്ടിമുന്നേറുന്ന നകുലനും തേരോടിച്ച് ആനപ്പടയെ തുരത്തുന്ന സഹദേവനും ജയദ്രഥപക്ഷക്കാരെ കൊന്നൊടുക്കുകയായി. കാടു ചോരക്കളമായി. ജഡങ്ങൾ ചിതറിക്കിടക്കുന്നതിനിടയിലൂടെ തേരുകൾ കുതിച്ചുപാഞ്ഞു. തന്റെ സുഹൃത്തുക്കളായ രാജാക്കന്മാർ തെരുതെരെ വീഴുന്നതുകണ്ട ജയദ്രഥൻ ഭയന്നുവിറച്ച് കൃഷ്ണയെ പിടിച്ചു താഴത്തിറക്കിയിട്ട് കാട്ടിനുള്ളിലേക്ക് ഓടിമറഞ്ഞു. പടയ്ക്കു നടുവിൽ തന്റെ മുമ്പിൽ കൃഷ്ണയെ കണ്ട് ധൗമ്യൻ ഓടിയെത്തി സഹദേവന്റെ തേരിൽ അവളെ കയറ്റി കൂടെക്കയറി. ജയദ്രഥൻ ഓടിയകലുന്നതു കണ്ട പാർത്ഥൻ ഭീമനോടു പറഞ്ഞു. 'ജ്യേഷ്ഠാ! അവൻ ഓടിക്കളഞ്ഞു. വെറുതെ എന്തിനീ സൈനികരെ കൊന്നൊടുക്കണം! യുദ്ധം നിർത്തുക.' ഭീമൻ യുധിഷ്ഠിരനോടു വിളിച്ചു പറഞ്ഞു. 'അങ്ങ് കൃഷ്ണയെയും അനുജന്മാരെയും ആശ്രമത്തിലേക്കു കൊണ്ടുപോയാലും. ഞങ്ങൾ ആ സിന്ധുരാജനെ കണ്ടുപിടിച്ചു കൊന്നിട്ടുവരാം.'

യുധിഷ്ഠിരൻ പറഞ്ഞു. 'ഭീമാ അരുത്. അവൻ ദുഷ്ടനാണെങ്കിലും നമ്മുടെ സഹോദരി ദുശ്ശളയുടെ ഭർത്താവാണെന്നോർക്കുക. മകൾ വിധവയായാൽ അമ്മ ഗാന്ധാരിക്കുണ്ടാകുന്ന മഹാദുഃഖമോർക്കുക. കൊല്ലരുതവനെ.'

## 42 ദ്രൗപദീഹരണം (തുടർച്ച)

ഇതുകേട്ടു ക്രുദ്ധയായി പാഞ്ചാലി പറഞ്ഞു. 'കൊല്ലണം അവനെ! ഭാര്യയെ കട്ടവനെയും രാജ്യംപിടിച്ച ശത്രുവിനെയും വെറുതെവിടാൻ പാടില്ലതന്നെ. നീചനാണവൻ, കുലദ്രോഹി!'

യുധിഷ്ഠിരൻ പാഞ്ചാലിയും ധൗമ്യനും നകുലസഹദേവന്മാരുമൊത്ത് ആശ്രമത്തി ലേക്കു മടങ്ങിപ്പോയി.

ഭീമാർജുനന്മാർ ജയദ്രഥനെ കാട്ടിലെങ്ങും തിരഞ്ഞുനടക്കുമ്പോൾ ഓടിപ്പോകുന്ന അവനെ ദൂരത്തുകണ്ട് വിളിച്ചുപറഞ്ഞു. 'നില്ലെടോ നിൽക്ക്! ഇത്ര വീരനോ നീ! പെണ്ണിനെ കട്ടവൻ, സ്വന്തംസേനയെ വിട്ട് ഓടിയൊളിക്കുന്നവൻ! നിൽക്ക് നിൽക്ക്,' തിരിഞ്ഞുനോക്കി തിരിഞ്ഞുനോക്കി ഓടിയ കലുന്ന ജയദ്രഥന്റെ പിന്നാലെ ഭീമൻ ഓടി യെത്തി അവനെ പിടികൂടി നിലത്തടിച്ചു വീഴ്ത്തി. കാൽകൊണ്ട് അവനെ ചവിട്ടി യരയ്ക്കാനൊരുങ്ങുന്ന ഭീമനെ അർജുനൻ തടഞ്ഞു. ഭീമൻ ദേഷ്യത്തോടെ പറഞ്ഞു. 'ജ്യേഷ്ഠൻ ഒന്നും സമ്മതിക്കുകയില്ല. നീയും അദ്ദേഹത്തോടൊപ്പം കൂടും. കൃഷ്ണയെ കഷ്ടപ്പെടുത്തിയ ഈ നീചനെ കൊല്ലാതെ വിടുന്നതെങ്ങനെ?' തന്റെ വാൾ എടുത്ത് ജയദ്രഥന്റെ തലമുടി മുറിച്ച് അഞ്ചുകുടുമകൾ വെയ്പിച്ചൂ ഭീമൻ! എന്നിട്ടു പറഞ്ഞു. 'ഞാൻ അങ്ങയുടെ ദാസനാണ് എന്ന് ജ്യേഷ്ഠന്റെ മുന്നിൽ നീ കൈകൂപ്പുമെങ്കിൽ ജീവനോടെ വിട്ടയയ്ക്കാം.' അങ്ങനെ ചെയ്യാമെന്നു പ്രാണ ഭയത്തോടെ സമ്മതിച്ച സിന്ധുരാജാവിനെ ഭീമൻ പിടിച്ചുകെട്ടി യുധിഷ്ഠിരന്റെ മുമ്പിൽ കൊണ്ടുചെന്നിട്ടു. പൊടിപുരണ്ടും അഞ്ചു കുടുമവെച്ചും വികൃതനാക്കപ്പെട്ട അവനെ നോക്കി യുധിഷ്ഠിരൻ മന്ദഹസിച്ചപ്പോൾ കൈകൂപ്പിക്കൊണ്ട് 'ഞാൻ നിങ്ങൾക്കു ദാസ നാണ്.' എന്ന് അയാൾ ദയനീയസ്വരത്തിൽ പറഞ്ഞു. യുധിഷ്ഠിരൻ പറഞ്ഞു. 'ഇത്രമതി ശിക്ഷ. ഇവനെ വിട്ടയയ്ക്കുക.' കൃഷ്ണയും ഈ കാഴ്ച കണ്ട് ഭീമനോടു പറഞ്ഞു. 'പഞ്ചശി ഖവെച്ച ഈ ദാസനെ വിട്ടയച്ചുകൊള്ളൂ.'

വിറപൂണ്ട് എല്ലവരെയും കൈകൂപ്പിവന്ദി ക്കുന്ന ആ രാജാവിനെ നോക്കി കനിവോടെ യുധിഷ്ഠിരൻ പറഞ്ഞു. 'ജയദ്രഥാ, നീ സമാ ധാനമായി പൊയ്ക്കൊള്ളുക, നീ ഞങ്ങൾക്കു ദാസനല്ല. മേലാൽ ഈ വിധമുള്ള നീച കർമങ്ങൾ ചെയ്യരുത്. ഒരു രാജാവ് പെൺ കൊതിയനും അധർമിയുമായിക്കൂടാ.' നാണിച്ചു തലകുനിച്ച് തന്റെ ശേഷിച്ച സൈന്യവുമൊത്ത് ജയദ്രഥരാജാവ് മടങ്ങിപ്പോയി.

അപമാനിതനായ ജയദ്രഥൻ സ്വന്തം രാജ്യത്തേക്കല്ല ഗംഗാതീരത്തേക്കാണു പോയത്. അവിടെ വാണ് ഉഗ്രതപംചെയ്ത് പാണ്ഡവവധത്തിനായി വരം നേടാൻ ശ്രമിച്ച ആ രാജാവിന് 'ഒരു ദിവസം മാത്രം നിനക്ക് പാണ്ഡവരെ തോൽപ്പിക്കാം' എന്ന വരമാണ് ദേവന്മാരിൽ നിന്നു ലഭിച്ചത്. *(തുടരും)*





വര: ജയേന്ദ്രൻ






# അലഞ്ഞുതീരുന്ന ജീവിതങ്ങൾ

**വിനു എ**

**തെരുവുജീവിതത്തിന്റെ കാണാപ്പുറങ്ങൾ തേടുന്നതിനപ്പുറം മനോഹരവും ഹൃദയസ്പർശിയുമായ ഒരു ചലച്ചിത്രമായിരുന്നു ചാർലി ചാപ്ലിന്റെ 'ദ കിഡ്". വൈകാരികനിമിഷങ്ങൾ ഏറെയുള്ള ഈ സിനിമ ചാപ്ലിന്റെ തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രങ്ങളിലൊന്നാണ്. "ചിരിയോട് കൂടിയ ഒരു സിനിമ, ഒരു പക്ഷേ, കണ്ണീരോടുകൂടിയതും." സ്വന്തം ജീവിതത്തിൽ ചാപ്ലിൻ അനുഭവിച്ചതിന്റെ പ്രതിഫലനമാണ് ഈ സിനിമ.**

സമീപത്തുനിന്നും കാണുമ്പോൾ ജീവിതം ഒരു ട്രാജഡിയാണ്. വിദൂരദൃശ്യത്തിലോ അതൊരു കോമഡിയും എന്നു പറഞ്ഞു വെച്ചത് ചാർലി ചാപ്ലിനാണ്. തന്റെ ജീവിതത്തിന്റെ ഭാഗമായിരുന്ന കാര്യങ്ങളെ വെള്ളിത്തിരയിലവതരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ശ്രദ്ധേയനായത്. അദ്ദേഹത്തിന്റെ 'ദ കിഡ്' ലോകസിനിമയിലെ തന്നെ ഒരു വിസ്മയക്കാഴ്ചയായിരുന്നു. നിരവധി വികാരപൂർണമായ രംഗങ്ങളിലൂടെ പറയുന്ന ഈ നിശബ്ദസിനിമ മുന്നോട്ടു വെയ്ക്കുന്നത് മാനവികതയുടെ ദർശനമാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ രസിക്കുന്ന വിധത്തിലാണ് ചാർലി ചാപ്ലിൻ ഈ കഥ പറയുന്നത്. കോമഡിയിലൂന്നിയാണ് സിനിമയിൽ കഥ പറയുന്നതെങ്കിലും അത്രയും തന്നെ തീവ്രമായ വികാരങ്ങളോടെ മാത്രമേ സിനിമ കണ്ടുതീർക്കുവാൻ കഴിയൂ. ചിത്രം തുടങ്ങുമ്പോൾ കാണിക്കുന്ന വാചകം പോലെ അർത്ഥവത്താണ് അതിന്റെ പ്രമേയം. 'ചിരിയോടു കൂടിയ ഒരു സിനിമ, ഒരുപക്ഷേ, കണ്ണീരോടുകൂടിയതും.' സ്വന്തം ജീവിതത്തിൽ ചാപ്ലിൻ അനുഭവിച്ചതിന്റെ പ്രതിഫലനമാണ് ഈ സിനിമ.

ഒരു കൊച്ചുകുട്ടിയെ കേന്ദ്രമാക്കിയാണ് സിനിമ വികസിക്കുന്നത്. ആ കുട്ടിയുടെ ജനനത്തോടെ തുടങ്ങുന്ന സിനിമ സഞ്ചരിക്കുന്നത് ജീവിതത്തിന്റെ വിവിധ തലങ്ങളിലൂടെയാണ്. അനാഥമാക്കപ്പെടുന്ന ജീവിതസാഹചര്യങ്ങളിൽ നിന്നുള്ള കഥാപരിസരം തമാശയുടെ രീതിയിലാണ് അവതരിപ്പിക്കപ്പെടുന്നതെങ്കിലും

ജീവിതം എന്നത് വലിയ ചോദ്യമായി മാറുന്ന സാഹചര്യമാണ് ചിത്രീകരിക്കപ്പെടുന്നത്.

## അനാഥക്കുട്ടി

അവിവാഹിതയായ യുവതി പ്രസവിച്ച കുട്ടിയായിരുന്നു അവൻ. യുവതി കുഞ്ഞുമായി ആശുപത്രിയിൽ നിന്നും പുറത്തേക്കു വരുന്ന കാഴ്ചയിലാണ് സിനിമ തുടങ്ങുന്നത്. ചിത്രകാരനായ അച്ഛൻ ആ കുഞ്ഞിനെയും അമ്മയെയും സ്വീകരിക്കാൻ തയ്യാറല്ല. കുഞ്ഞിനെ വളർത്തുവാൻ സാധിക്കാതെ നടക്കുന്ന യുവതി കണ്ടെത്തുന്ന മാർഗം കുഞ്ഞിനെ ഉപേക്ഷിക്കുകയെന്നതാണ്. കുഞ്ഞിനെ ഉപേക്ഷിക്കുന്നുവെങ്കിലും ഒരു പണക്കാരന്റെ കാറിൽ തന്നെയാണ് അവനെ ഉപേക്ഷിക്കുന്നത്. കുഞ്ഞിനെ വളർത്താൻ സാധിക്കുന്ന സാഹചര്യമുള്ള ഒരാളാണ് ആ കാറിന്റെ ഉടമസ്ഥൻ എന്നു കരുതിയാണ് അവർ അങ്ങനെ ചെയ്യുന്നത്. തെരുവിൽ നിർത്തിയിട്ട കാറിൽ കുഞ്ഞിനെ ഉപേക്ഷിച്ചപ്പോൾ കൂടെ ഒരു കുറിപ്പും അവർ എഴുതിവെച്ചു. 'ദയവു വിചാരിച്ച് ഈ കുഞ്ഞിനെ സംരക്ഷിക്കുക, സ്നേഹിക്കുക.'

എന്നാൽ അവർ കരുതിയതുപോലെയല്ല കാര്യങ്ങൾ നടന്നത്. രണ്ടു കള്ളന്മാർ ആ കാറും മോഷ്ടിച്ചുകൊണ്ടുപോകുന്നു. കുറെ ദൂരം ചെന്നപ്പോൾ അവർ കുഞ്ഞിന്റെ കരച്ചിൽ കേട്ട് കാർ നിർത്തുന്നു. അവർ എത്തിനിന്നത് ഒരു ചേരിപ്രദേശത്താണ്. അവർ കുഞ്ഞിനെ ഒരു ചവർ കൂമ്പാരത്തിൽ ഉപേക്ഷിച്ചു കാർ ഓടിച്ചുപോകുന്നു. ചവറുകൾക്കിടയിൽ ഉപേക്ഷിക്കപ്പെട്ട കുഞ്ഞിന്റെ അടുത്തേക്ക് ചാർലി ചാപ്ലിൻ വേഷമിടുന്ന തെരുവുതെണ്ടി എത്തുകയാണ്. കുഞ്ഞിനെ കാണുന്ന അയാൾ ആദ്യം സംശയിക്കുന്നതു മുകളിലത്തെ ജനാലയിലൂടെ ആരോ ചവറുകൾക്കൊപ്പം കുഞ്ഞിനെ എറിഞ്ഞതാവുമെന്നാണ്. എങ്കിലും ആ കുഞ്ഞിന്റെ മുഖം അയാളിൽ ആർദ്രത നിറയ്ക്കുന്നു. അയാൾ കുഞ്ഞിനെ എടുക്കുന്നു.

എന്നാൽ അടുത്ത നിമിഷം അയാൾക്കു താൻ ചെയ്തത് വലിയ അബദ്ധമാണെന്നു തോന്നുന്നു. തെരുവിൽ കഴിയുന്ന ഒരാളാണ് താൻ. തനിക്കെങ്ങനെ ഒരു കുഞ്ഞിനെ സംരക്ഷിക്കുവാൻ സാധിക്കും! മറ്റാരെയെങ്കിലും ആ കുഞ്ഞിന്റെ സംരക്ഷണച്ചുമതല എൽപ്പിക്കുവാൻ അയാൾ നടത്തുന്ന തന്ത്രങ്ങളൊന്നും ഫലം കാണുന്നില്ല. ആ കുഞ്ഞിനെ ഇനി വളർത്തിയേ തീരു എന്ന അവസ്ഥയിൽ അയാൾ എത്തിച്ചേരുന്നു. അങ്ങനെ അയാൾ ആ കുഞ്ഞിനെ വളർത്തുവാൻ തന്നെ തീരുമാനിക്കുന്നു. അവന്റെ കുസൃതികൾക്കൊപ്പം അയാൾ വളരുന്നു.



## മനുഷ്യന്റെ മുഖം

ചാപ്ലിന്റെ തമാശ നിറഞ്ഞ രംഗങ്ങളിലൂടെയാണ് സിനിമ പിന്നീട് വികസിക്കുന്നത്. ദാരിദ്ര്യത്തിന്റെ പടുകുഴിയിലാണെങ്കിലും ഒരു കുഞ്ഞിന്റെ സംരക്ഷണം ഏറ്റെടുക്കുവാൻ തീരുമാനിക്കുന്നതിലൂടെ മനുഷ്യ

**ദാരിദ്ര്യത്തിന്റെ പടുകുഴിയിലാണെങ്കിലും ഒരു കുഞ്ഞിന്റെ സംരക്ഷണം ഏറ്റെടുക്കുവാൻ തീരുമാനിക്കുന്നതിലൂടെ മനുഷ്യത്വത്തിന്റെ മഹത്തരമായ ആശയത്തെയാണ് ചാപ്ലിൻ ഉയർത്തിക്കാട്ടുന്നത്. അയാൾ തന്റെ ജീവിതത്തിലെ ഏറ്റവും മഹനീയമായ നിമിഷമെന്നുള്ള നിലയിലാണ് ഇതിനെ കാണുന്നത്.**



ത്വത്തിന്റെ മഹത്തരമായ ആശയത്തെയാണ് ചാപ്ലിൻ ഉയർത്തിക്കാട്ടുന്നത്. അയാൾ തന്റെ ജീവിതത്തിലെ ഏറ്റവും മഹനീയമായ നിമിഷമെന്നുള്ള നിലയിലാണ് ഇതിനെ കാണുന്നത്. അച്ഛൻ, മകൻ എന്ന ബന്ധത്തിൽ അവരുടെ ജീവിതം മുന്നോട്ടുപോകുന്നു. കുഞ്ഞിനെ അയാൾ കൃത്യമായി പരിചരിക്കുന്നു. ഒരു കുഞ്ഞിനെ നല്ല പാഠങ്ങൾ എങ്ങനെ പഠിപ്പിക്കണമെന്ന് അയാൾ കാണിച്ചുതരുന്നു. തമാശകൾ നിറഞ്ഞ ഏറെ സന്ദർഭങ്ങൾ അവിടെയുണ്ടാകുന്നുണ്ട്. കുഞ്ഞ് വളർന്ന് അഞ്ചു വയസ്സായശേഷമുള്ള കഥയാണ് കൂടുതൽ രസകരം. കുഞ്ഞിന്റെ വികൃതികൾക്ക് അയാൾ പലപ്പോഴും ഉത്തരം പറയേണ്ടിവരുന്നു. കല്ലെടുത്ത് എറിഞ്ഞ് ജനാലച്ചില്ലുകൾ പൊട്ടിച്ച് കുഞ്ഞ് ചാപ്ലിനുമേൽ അതിന്റെ ഭാരം ഏൽപ്പിക്കുന്നു. അയാൾ അതു ശരിയാക്കുവാൻ ബാധ്യതപ്പെടുന്നു. ഇത്തരം ആവർത്തിച്ചുള്ള ചെറുചെറു തമാശകളിലൂടെ നീങ്ങുന്ന കഥ വൈകാരികമായ പല നിമിഷങ്ങളും കാണിച്ചുതരുന്നുണ്ട്.

ഒരിക്കൽ സംശയം തോന്നിയ ഒരു പോലീസുകാരൻ അയാളെയും കുഞ്ഞിനെയും സംശയത്തോടെ സമീപിക്കുമ്പോൾ ചാപ്ലിൻ കുഞ്ഞിനെ ചവിട്ടി മാറ്റുന്നുണ്ട്. എന്നാൽ ചവിട്ടി മാറ്റുന്തോറും കുഞ്ഞ് അയാൾക്കടുത്തേക്കു കൂടുതൽ കൂടുതൽ അടുക്കുകയാണ്. തമാശയെന്നതിനപ്പുറം വൈകാരികമായ ഒരു സാഹചര്യമാണ് ഈ ഭാഗത്ത് കാണാനാവുക. കുട്ടി നടത്തുന്ന വികൃതികൾ പോലീസുകാരൻ കണ്ടുപിടിക്കുന്ന ഒരു രംഗമുണ്ട്. ആ രംഗത്തിൽ പോലീസിൽ നിന്നും രക്ഷപ്പെടാൻ കുട്ടി നടത്തുന്ന ശ്രമങ്ങൾ ഏറെ ചിരിയുണർത്തുന്നതാണ്. ഇത്തരത്തിൽ ചിരിയും തമാശയും പകർന്നുനൽകി തെരുവിൽ അവർ കഴിയുകയാണ്.

## പുതിയ ജീവിതം

കുട്ടിയെ അങ്ങേയറ്റം സ്നേഹിക്കുന്ന ചാപ്ലിൻ തെരുവുജീവിതത്തിലെ അതിജീവനത്തിന്റെ വഴികൾ അവനു പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ചാപ്ലിന് അമ്മയിൽ നിന്നും ലഭിച്ച സ്നേഹത്തിന്റെ നേർത്ത സ്പർശം ഇവിടെ പരാമർശിക്കപ്പെടുന്നു. ചാപ്ലിൻ തന്നെ എഴുതി സംവിധാനം ചെയ്ത ഈ സിനിമ ആത്മകഥാംശം ഏറെയുള്ള സിനിമയാണ്. തെരുവിലെ ജീവിതങ്ങൾ മുന്നേറുകയും അതിജീവനത്തിനായുള്ള പരിശ്രമങ്ങൾ തുടരുന്നതിനുമിടയിൽ മറ്റൊരു സംഭവം കൂടി നടക്കുന്നുണ്ടായിരുന്നു. ജീവിതമാകുന്ന പരീക്ഷയിൽ വിജയിച്ച കുട്ടിയുടെ അമ്മ തന്റെ മകനെ കാണുവാനുള്ള ആഗ്രഹത്തോടെ കഴിയുകയുമായിരുന്നു. അവർ ചേരികളിലും മറ്റും സാമൂഹിക പ്രവർത്തനം നടത്തി തന്റെ വേദന മറക്കു

വാൻ ശ്രമിച്ചു. അമ്മയും മകനും തമ്മിൽ ഒരിക്കൽ കാണുന്നുവെങ്കിലും തിരിച്ചറിയുന്നില്ല.

എന്നാൽ കുട്ടിക്ക് പനി പിടിപ്പെട്ടതിനെ തുടർന്ന് ചാപ്ലിൻ അവനെയും കൊണ്ട് ഡോക്ടറെ കാണാൻ ചെല്ലുന്നു. എന്നാൽ ചാർലി കുട്ടിയുടെ അച്ഛനല്ലായെന്നു മനസ്സിലാക്കുന്ന ഡോക്ടർ കുട്ടിയെ അനാഥാലയത്തിലാക്കുന്നു. അനാഥാലയത്തിലേക്കുള്ള യാത്രയ്ക്കായി വണ്ടിയിലേക്കു കുട്ടിയെ കയറ്റുമ്പോൾ ചാർലി തടയാൻ ശ്രമിക്കുന്നു. ചാർലിയുടെയും കുട്ടിയുടെയും പ്രതിരോധത്തിന്റെ നീക്കം കണ്ണുകളെ ഈറനാക്കും. വണ്ടിയിലേക്കു കയറ്റി പോകുന്നുവെങ്കിലും സാഹസികമായി പിന്തുടർന്ന് ചാർലി കുട്ടിയെ തിരികെ കൊണ്ടുവരുന്നു. എന്നാൽ കുട്ടിയുടെ കൈയിൽ നിന്നു ലഭിച്ച കുറിപ്പ് ഡോക്ടർ കുട്ടിയുടെ അമ്മയെ ഏൽപ്പിക്കുന്നു. പോലീസിന്റെ സഹായത്തോടെ അവർ കുട്ടിയെ കൊണ്ടുപോകുന്നു.

കുട്ടിയെ അന്വേഷിച്ച് തെരുവിലൂടെ ചാർലി അലയുന്നു. രാത്രി മുഴുവൻ അലഞ്ഞു നടന്നുവെങ്കിലും കുട്ടിയെ കണ്ടെത്താൻ അയാൾക്കാവുന്നില്ല. ക്ഷീണിതനായി അയാൾ തെരുവിൽ ഒരു കെട്ടിടത്തിന്റെ പടിയിൽ തളർന്നുറങ്ങുന്നു. അപ്പോൾ ഒരു പോലീസുകാരൻ അയാളെ ഉണർത്തി ഒരു കാറിൽ കയറ്റിവിടുന്നു. ഒരു വലിയ വീട്ടിലേക്കാണ് ആ കാർ എത്തുന്നത്. അവിടെ കുട്ടിയും അമ്മയും ചാർലിയെ കാത്ത് നിൽപ്പുണ്ടായിരുന്നു

മനോഹരമായ ഒരു കഥയാണ് 'ദ കിഡ്' പറയുന്നത്. തെരുവിലെ ജീവിതത്തിന്റെ കാണാപ്പുറങ്ങൾ തേടുന്ന തിനപ്പുറം മനോഹരവും ഹൃദയസ്പർശിയുമായ കഥാസന്ദർഭങ്ങളിലൂടെയാണ് ചിത്രം നീങ്ങുന്നത്. ചാർലി ചാപ്ലിന്റെ തീർച്ചയായും കണ്ടിരിക്കേണ്ട സിനിമകളിലൊന്നാണ് 'ദ കിഡ്'.

ദ കിഡിന്റെ നിർമാണം ഏറെ തടസ്സങ്ങൾ നേരിട്ടതായിരുന്നു. ഏറെ മാനസിക സംഘർഷങ്ങൾ അനുഭവിച്ചുകൊണ്ടാണ് സിനിമ പൂർത്തിയാക്കിയതെന്ന് പിന്നീട് ചാപ്ലിൻ പറയുകയുണ്ടായി.



## ചാർലി ചാപ്ലിൻ

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും ജനപ്രിയനായ ചലച്ചിത്രകാരനാണ് ചാർലി ചാപ്ലിൻ. അയഞ്ഞ പാന്റ്സ്. ഇറുകിയ കോട്ട്. വലിയ ഷൂ, ചെറിയ മീശ, കൈയിൽ മുളവടി– ഈ രൂപമാണ് അദ്ദേഹത്തെ ഓർമയിലെത്തിക്കുന്നത്. അദ്ദേഹത്തിന് സിനിമ ഒരു പോരാട്ടമായിരുന്നു. 1889 ഏപ്രിൽ 16 ന് ലണ്ടനിലെ ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച ചാപ്ലിൻ പന്ത്രണ്ടാമത്തെ വയസ്സിൽ നാടകത്തിലഭിനയിച്ചു. 1913ൽ സിനിമയിൽ അഭിനയിച്ചു തുടങ്ങി. രണ്ടാമത്തെ സിനിമയായ 'ദ ട്രാംപി'ലാണ് തന്റെ വിഖ്യാതമായ കോമാളിവേഷത്തിൽ അദ്ദേഹം പ്രത്യക്ഷപ്പെടുന്നത്. മേക്കിംഗ് എ ലിവിംഗ്, ദ ഫയർമാൻ, ദ കൗണ്ട്, ദ ഗോൾഡ് റഷ്, ദ ഗ്രേറ്റ് ഡിക്റ്റേറ്റർ, മോഡേൺ ടൈംസ് തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രസിദ്ധ സിനിമകളാണ്. 1977 ഡിസംബർ 25 ന് അന്തരിച്ചു.

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## കാനനഭംഗി

**സ്നേഹലത എം എസ്,**
**ക്ലാസ് IX C,**
**ജി എച്ച് എസ് എസ് പുത്തൂർ.**



കാനനത്തിന്റെ മനസ്സുചോദിക്കുന്നു
കാലം മാറിപ്പോകുമെന്തുകൊണ്ട്?
പക്ഷികൾ പുല്ലുകൾ പുൽച്ചാടികൾ
കലപിലശബ്ദത്തിൽ ചോദിക്കുന്നു
എത്രയും ദിവ്യമാം സ്വർഗമാണീ കാട്
തച്ചുടച്ചീടുകിൽ പാപമല്ലേ?
ഹേ, പുഴേ! എന്നോട് നീ കയർക്കീടുകിൽ
കാടുകളെല്ലാം കരിഞ്ഞുപോകും
ജീവികൾ ഒന്നാകെ ചങ്ങലക്കെട്ടുപോൽ
ജീവിക്കും നല്ലൊരു സ്വർഗമാണേ
ഭൂമിയെ ചൂടിക്കാന പൂക്കൾ വളർത്തുന്ന
കോമളമായൊരുദ്യാനമാണേ
രോഗത്തിൽനിന്നും വിമുക്തി നൽകുന്നൊരു
നൂറുമരുന്നുചെടികളാണേ
മാനും മയിലും നരിയും ഒന്നിക്കുന്ന
കാഴ്ചബംഗ്ലാവിന്റെ ഭാഗമാണേ
കൂറ്റൻമരത്തിന്റെ ചില്ലകൾ തോറുമേ
പക്ഷിരാജാവിന്റെ വാസമാണേ
എന്നും നമുക്കു തുണയേകുമീ വനം
അമ്മയെപ്പോലെ പവിത്രമാണേ.



വര: ഗോപു പട്ടിത്തറ

# പുള്ളിക്കുട

**കെ അനാമിക**
**ക്ലാസ് IX H,**
**ഫാറൂഖ് ഹൈസ്കൂൾ,**
**ഫാറൂഖ് കോളേജ് പി ഒ,**
**കോഴിക്കോട് 673632**



മാളൂന് ദേഷ്യം പെരുവെരലേന്നാണ് ഇരച്ചുകേറിയത്. അത്രക്കു തന്നേണ്ട് വിഷമവും... സ്കൂളു തുറന്ന അന്നു മുതൽക്കുതന്നെ എന്തു കഷ്ടപ്പെട്ടാണ് ആ പുള്ളിക്കുട അവൾ കൂടെകൊണ്ടു നടക്കുന്നത്. എന്നിട്ടോ?

ഇതുവരെ മഴ പെയ്യാത്തതില്ലലല്ല, പെയ്യും പെയ്യും എന്നു വിചാരിച്ച് കൂടെ കൊണ്ടു നടക്കുന്നതിന്റെ ബുദ്ധിമുട്ടോർത്തിട്ടാണ് അവൾക്കു സങ്കടം വന്നത്.

അങ്ങനെ ഒരു ദിവസം അവൾ വിചാരിച്ചു. ഇന്നേതായാലും പുള്ളിക്കുട സ്കൂളിലേക്കു കൊണ്ടു പോവണ്ട. അവൾ കുടയെടുത്തില്ല. എന്നാൽ അമ്മയുണ്ടോ വിടുന്നു? ജൂണാണ്. മഴക്കാലാണ്. കുടയെടുക്കാതെ പോവല്ലേ എന്ന് അമ്മ അലറിപ്പെയ്തു. വേണ്ട വേണ്ട എന്ന് അവളും പെയ്തു.

കടയിൽ നിന്നും പെരുത്ത് ഇഷ്ടപ്പെട്ടു വാങ്ങിയ കുടയാണ്. കാണുമ്പോളിപ്പോ ദേഷ്യം വരാൻ തുടങ്ങീട്ടുണ്ട്. അവിടെ മൂലയ്ക്കു കിടക്കട്ടെ എന്നും പറഞ്ഞ് മാളു ബാഗും തൂക്കി ഇറങ്ങി ഓടി.

എന്നിട്ടെന്തായി? ക്ലാസ്സിലിരിക്കുമ്പോളതാ മഴ. നിർത്തുന്ന ലക്ഷണമില്ല. ജനലിലൂടെ അവൾ മഴ കണ്ടിരുന്നു. ഹോ... എന്തൊരു കാറ്റാണ്. ഈ കാറ്റാണ് മഴയെ എവിടെക്കെല്ലാമോ കൊണ്ടു പോവുന്നത്. അപ്പോഴാണ് അവളോർത്തത് എങ്ങനെയിനി സ്കൂൾ വിട്ടുപോവും. അവൾക്കു കരയാൻ തോന്നി. എന്നാൽ സ്കൂൾ വിടാനുള്ള ബെല്ലടിച്ചപ്പോഴേക്കും മഴ നിന്നു. മാളൂന് സമാധാനമായി.
പതുക്കെ വെള്ളത്തിലേക്ക് കാലെടുത്തു വെച്ചപ്പോൾ മുമ്പിലതാ അമ്മ. കയ്യിലതാ പുള്ളിക്കുട.

മഴപെയ്യുന്നതു കണ്ട് അമ്മ ഓടിക്കിതച്ചു വന്നതാണ്. അവൾക്കു സങ്കടമായി. അമ്മ സ്കൂളിലെത്തിയപ്പോഴേക്ക് മഴ നിന്നു പോയത്രേ....!

മാളൂന് മഴയെ കൊല്ലാൻ തോന്നി.

**കവർചിത്രം**

സർഗ്ഗവസന്തം 2015 ചിത്രരചനാ ക്യാമ്പിൽ വച്ച് 9-ാം ക്ലാസിൽ പഠിക്കുന്ന മിഥുൻ എസ് നായർ വരച്ച ചിത്രമാണ് ഇത്തവണത്തെ കവർചിത്രം. കോഴിക്കോട് SSRVM സ്കൂളിലാണ് മിഥുൻ.
മറ്റു കൂട്ടുകാരും നല്ല ചിത്രങ്ങൾ അയയ്ക്കൂ. മികച്ചവ പ്രസിദ്ധീകരിക്കുന്നതാണ്. സമ്മാനവും നേടാം.

# വെള്ളം പൊക്കും മെഴുകുതിരി!

അരവിന്ദ് ഗുപ്ത



മെഴുകുതിരികളും ജാറും പ്ലേറ്റും വെള്ളവും കൊണ്ട് ഒരു ശാസ്ത്രപരീക്ഷണം നടത്തിയാലോ?





**ആവശ്യമുള്ള സാധനങ്ങൾ**

- മൂന്നു മെഴുകുതിരികൾ (വ്യത്യസ്ത ഉയരമുള്ളത്)
- സുതാര്യമായ ജാർ (ഗ്ലാസ് ജാർ ഉത്തമം)
- തീപ്പെട്ടി
- നിറമുള്ള വെള്ളം
- പിഞ്ഞാണം

ജാറിനു മുകളിലേക്ക് വെള്ളം കയറുന്നത് അതിലെ ഓക്സിജൻ കത്തിത്തീർന്ന് സ്ഥലമുണ്ടാകുന്നതുകൊണ്ടാണ് എന്ന് പലരും കരുതാറുണ്ട്. എന്നാൽ ഇത് തികച്ചും തെറ്റാണ്. എന്തുകൊണ്ടായിരിക്കും ജാറിൽ വെള്ളം കയറുന്നത്? പരീക്ഷണം ആവർത്തിച്ചു ചെയ്തുനോക്കി ഉത്തരം കണ്ടെത്തൂ. എന്നിട്ട് തളിരിനെഴുതൂ.



1 മൂന്നു മെഴുകുതിരികളും പിഞ്ഞാണത്തിനു നടുവിൽ കത്തിച്ചുവയ്ക്കുക.



2 പിഞ്ഞാണത്തിലേക്കു നിറമുള്ള വെള്ളമൊഴിക്കുക.



3 ജാറുപയോഗിച്ച് ഈ സംവിധാനത്തെ പതുക്കെ അടയ്ക്കുക. പത്തുസെക്കന്റോളം മെഴുകുതിരിക്കു മുകളിൽ ജാർ പിടിച്ചശേഷം അടയ്ക്കുന്നതാണു നല്ലത്.



4 ജാറിനുള്ളിൽ മെഴുകുതിരി കത്തുന്നു.




5 ഏറ്റവും ഉയരമുള്ള മെഴുകുതിരി ആദ്യം കെടുന്നതു കാണാം. തുടർന്ന് ഉയരമനുസരിച്ചു മറ്റുള്ളവയും. ഇതോടൊപ്പം ജാറിൽ വെള്ളം നിറയുന്നതും കാണാം.



6 മുകളിൽ അടിഞ്ഞുകൂടുന്ന കാർബൺഡയോക്സൈഡ് ബാക്കിയുള്ള ഓക്സിജനെ താഴോട്ടു തള്ളുന്നതാണ് ഈ പ്രതിഭാസത്തിനു കാരണം. അടിയിലെ ഓക്സിജൻ അവസാനമേ തീരുകയുള്ളൂ.

Printed and Published by **Dr. Nedumudi Harikumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.




# ശിശിരത്തിലെ ഓക്കുമരം

**വിവർത്തനം - സി തങ്കം**
**ചിത്രീകരണം - കെ പി മുരളീധരൻ**

വായനാപ്രേമികൾക്കായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുസമ്മാനം.
പ്രകൃതി തന്നെ കഥാപാത്രങ്ങളാകുന്ന റഷ്യൻ കഥകളുടെ സമാഹാരം

**ബഹുവർണ അച്ചടി • വില 110രൂപ • പേജുകൾ 72 • വലിപ്പം - ഡിമൈ 1/4**
**പുസ്തകത്തിന് എഴുതുക sales@ksicl.org**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70
Regd KL/TV (N)/399/2015-2017
July 2015
Published on 29-6-2015 Vol:21, Issue:7, ₹15

## സർഗവസന്തം 2015 ചലച്ചിത്രക്യാമ്പിൽ കുട്ടികൾ തയ്യാറാക്കിയ ഹ്രസ്വചിത്രം

# (അ)മൃതവർഷിണി

ദൈർഘ്യം 10 മിനിറ്റ്



**ക്യാമ്പ് ഡയറക്ടർ: താഹ**

**നിർമ്മാണം: കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

**സഹകരണം : ചിത്രാഞ്ജലി, കെ.എസ്.എഫ്.ഡി.സി.**

**ചലച്ചിത്രം www.ksicl.org ൽ കാണാം**

ചിത്രം കണ്ട കൂട്ടുകാർ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക.